VOL NO: 06 I ISSUE 11
www.nerpatham.com
mail@nerpatham.com
2022 MARCH 12 I ₹10

# നേർപഥം

വാരിക



## കലിയടങ്ങാതെ യുദ്ധങ്ങൾ; മാനവരാശി നേടുന്നതെന്ത്?

ഏതൊരു നിയമവും നിർമിക്കപ്പെടുന്നത് മനുഷ്യരുടെ ഗുണത്തിനു വേണ്ടിയാണ്. നിയമങ്ങളും നിയന്ത്രണങ്ങളുമില്ലാത്ത ലോകത്ത് അരാജകത്വം കൊടികുത്തി വാഴും. എന്നാൽ, നിയമങ്ങളും നിയന്ത്രണങ്ങളും ഇഷ്ടപ്പെടാത്തവർ സ്വതന്ത്രവാദമെന്ന ഓമനപ്പേരിട്ട് ഇത്തരം അതിർവരമ്പുകൾ ലംഘിച്ച് സ്വയം നാശത്തിലേക്ക് എടുത്തെറിയപ്പെടുന്നു. എന്തൊക്കെയാണ് സ്വതന്ത്രവാദത്തിന് പിന്നിലെ ചതിക്കുഴികൾ?

# സ്വതന്ത്രവാദത്തിനു പിന്നിലെ ചതിക്കുഴികൾ

|| മഹാവിപത്തിനെതിരെ കൈകോർക്കാം

|| നരച്ചമുടി കറുപ്പിക്കുന്നത് അനുവദനീയമോ?

|| ശിയാക്കളും സമസ്തയും ആശയവീഥിയിലെ ഒരേ തൂവൽ പക്ഷികൾ

schoolOfQuranJamia

جـامعة الـهند الإسـلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

ക്ലാസുകൾ ഞായറാഴ്ച്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു

FOR MORE ENQUIRY +91 8606 788 882



അപേക്ഷകർ **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n

Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519

mail@schoolofquran.in

www.schoolofquran.in

0268

# നേർപഥം
വാരിക

2022 മാർച്ച് 12
1443 ശഅബാൻ 9
പുസ്തകം 06 / ലക്കം 11






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
ബുദ്ധിജീവികളുടെ ചാഞ്ചാട്ടം

**06**
ലേഖനം
കലിയടങ്ങാതെ യുദ്ധങ്ങൾ;
മാനവരാശി നേടുന്നതെന്ത്?
സെയ്തലവി വിളയൂർ

**17**
ആരോഗ്യപഥം
അണ്ഡാശയകുമിളകൾ
ഡോ. യാസ്മിൻ എം.
അബ്ബാസ്, ആമയൂർ

**18**
ലേഖനം
ശിയാക്കളും സമസ്തയും
ആശയവീഥിയിലെ
ഒരേ തൂവൽ പക്ഷികൾ
മൂസ സ്വലാഹി കാര

**23**
മധുരം ജീവിതം
മഹാവിപത്തിനെതിരെ
കൈകോർക്കാം
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**24**
ക്വുർആൻ ദർശനം
അൽഹുജുറാത്ത്
(അറകൾ)
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

**26**
ചരിത്രപഥം
തബൂക് യുദ്ധം
ഹുസൈൻ സലഫി

**31**
ലേഖനം
നരച്ചമുടി കറുപ്പിക്കുന്നത്
അനുവദനീയമോ?
ഡോ. ടി. കെ യൂസുഫ്

**34**
കവിത
- ചോരക്കളം
- ആ ഒരു തുണ്ട് തുണി
സുലൈമാൻ പെരുമുക്ക്

# ജാമിഅ അൽഹിന്ദ്: ലേഡീസ് ക്യാമ്പസിന്റെ പ്രഖ്യാപനവും വെബ്സൈറ്റ് ലോഞ്ചിംഗും നടന്നു

മിനി ഊട്ടി: ജാമിഅ അൽഹിന്ദിൽ സംഘടിപ്പിച്ച ലേഡീസ് ക്യാമ്പസിന്റെ പ്രഖ്യാപനവും വെബ്സൈറ്റ് ലോഞ്ചിംഗും ഹൃദ്യമായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിമാറി ഈ പ്രഖ്യാപനം. വർഷങ്ങൾക്ക് മുമ്പ് മിനി ഊട്ടിയിൽ ആൺകുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനത്തിന്റെ നിർമാണം നടക്കുന്ന വേളയിൽതന്നെ പെൺകുട്ടികൾക്കും ഇതുപോലൊരു സ്ഥാപനത്തിന് വേണ്ടിയുള്ള ആവശ്യം ഉയർന്നതാണ്. അന്നുതന്നെ അതിന് വേണ്ടിയുള്ള ശ്രമങ്ങളും ആരംഭിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജാമിഅ അൽഹിന്ദിന്റെ പണി പൂർത്തിയായ ഉടനെത്തന്നെ ലേഡീസ് കാമ്പസിന്റെ നിർമാണം ആരംഭിക്കാനായി.

നല്ലൊരു ശതമാനം വർക്കുകൾ പൂർത്തിയായിക്കഴിഞ്ഞു. അടുത്ത ജൂൺ മാസം അധ്യയനം ആരംഭിക്കുമെന്നാണ് സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനിയുടെ പ്രഖ്യാപനത്തോടെ ലോകം ശ്രവിച്ചത്.

വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റും ജാമിഅ റക്ടറുമായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. വിസ്ഡം വൈസ് പ്രസിഡന്റ് അബൂബകർ സലഫി വെബ്സൈറ്റ് ലോഞ്ച് ചെയ്തു. പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്ക് പി.എൻ അബ്ദുല്ലത്തീഫ് മദനി സമ്മാന വിതരണം നടത്തി. 'അത്തയ്സീർ' എന്ന റമദാൻ പഠന പ്രോഗ്രാമിന്റെ ലോഞ്ചിംഗ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും യു.എ.ഇ. ഇസ്‌ലാഹി സെന്റർ ഭാരവാഹിയുമായ ശരീഫ് എലാങ്കോട് നിർവഹിച്ചു. ലേഡീസ് ക്യാമ്പസിന്റെ ലക്ഷ്യവും പാഠ്യപദ്ധതിയും ജാമിഅ ഡയറക്ടർ ഫൈസൽ മൗലവി അവതരിപ്പിച്ചു.

വിസ്ഡം വിദ്യാഭ്യാസ ബോർഡ് ചെയർമാൻ അബ്ദുല്ലത്തീഫ് സുല്ലമി, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ഭാരവാഹി ശമീൽ എന്നിവർ ആശംസകളർപ്പിച്ചു. ഹംസ മദീനി ആമുഖ സംസാരവും വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് സമാപന സംസാരവും നടത്തി.

# വിസ്ഡം യൂത്ത് ഒരുക്കുന്ന പുസ്തകമേളക്ക് പെരുമ്പാവൂരിൽ ഉജ്വല തുടക്കം

എറണാകുളം: തെറ്റായ വായന വർധിക്കുകയും നേർവായന കുറയുകയും ചെയ്യുന്ന സോഷ്യൽ മീഡിയ കാലത്ത് വിസ്ഡം യൂത്ത് സംസ്ഥാനത്തുടനീളം ഒരുക്കുന്ന പുസ്തകമേള പ്രതീക്ഷയുടെ ചിറകിലേറി യാത്ര തുടരുന്നു. മേളയുടെ ഉദ്ഘാടനം പെരുമ്പാവൂരിൽ നടന്നു. വിസ്ഡം ബുക്സ് പുറത്തിറക്കിയ വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് പുസ്തകമേളയിലെ പ്രധാന ആകർഷകം.

ആദ്യഘട്ടത്തിൽ പുസ്തക മേള നടക്കുന്ന സ്ഥലങ്ങൾ: എറണാകുളം ജില്ലയിലെ പെരുമ്പാവൂർ (2022 മാർച്ച് 3,4,5,6), കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് (മാർച്ച് 13,14,15), പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് (മാർച്ച് 24,25,26,27).

വിസ്ഡം ബുക്സ് പുറത്തിറക്കിയ ഗ്രന്ഥങ്ങൾക്ക് പുറമെ പൂർവകാല ഇസ്‌ലാഹി പണ്ഡിതൻമാർ രചിച്ച പുസ്തകങ്ങളും കുട്ടികൾക്കായി വിസ്ഡം സ്റ്റുഡൻസ് പുറത്തിറക്കിയ പുസ്തകങ്ങളും മേളയിൽ ലഭ്യമാണ്. പുസ്തകമേളയോടനുബന്ധിച്ച് മെസ്സേജ് പവലിയൻ, ഗൈഡൻസ് ഡസ്ക്, പീസ് റേഡിയോ കൗണ്ടർ, ചിൽഡ്രൻസ് കോർണർ, ഐടി & മീഡിയ റൂം, ഫുഡ് കോർട്ട് എന്നിവയും സജ്ജമാക്കിവരുന്നു. മത, രാഷ്ട്രീയ രംഗത്തെ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ഈ ദിവസങ്ങളിൽ പൊതുപ്രഭാഷണങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. യുവതലമുറയെ വായനയുടെ ലോകത്തേക്ക് ആകർഷിക്കാൻ വിസ്ഡം യൂത്തിന്റെ ശ്രദ്ധേയമായ ഈ ദൗത്യം ഏറെ പ്രയോജനപ്പെടും.

# ബുദ്ധിജീവികളുടെ ചാഞ്ചാട്ടം

ഇന്ത്യൻ ജനതയുടെ സാംസ്കാരിക ജീവിതത്തെ സാരമായി സ്വാധീനിച്ച രണ്ടു ഘടകങ്ങളാണ് മതമൗലികവാദത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് വളർന്നുവന്ന വർഗീയതയും ബഹുരാഷ്ട്ര മൂലധനത്തിന്റെ താൽപര്യത്തിൽ അധിഷ്ഠിതമായ സാംസ്കാരിക അധിനിവേശവും. ചരിത്രപരമായി ഇന്ത്യൻ സമൂഹത്തിൽ വളർന്നുവന്ന സാംസ്കാരികസ്വത്വബോധത്തെ ഇവ രണ്ടും പുനർനിർമിക്കാൻ ശ്രമിക്കുന്നു. വർഗീയത മതസാംസ്കാരിക ദേശീയതയെ സൃഷ്ടിക്കാൻ പാടുപെടുമ്പോൾ ബഹുരാഷ്ട്ര മുതലാളിത്തശക്തികൾ ദേശീയതയെത്തന്നെ താഴ്ത്തിക്കെട്ടാനാണ് ലക്ഷ്യമിടുന്നത്.

ബിജെപി കേന്ദ്രത്തിൽ ഭരണസാരഥ്യത്തിലെത്തിയ ശേഷം സാംസ്കാരികമണ്ഡലത്തെ വർഗീയതയുടെ വരുതിയിൽ വരുത്താൻ നടത്തിയ നീക്കങ്ങൾ നിരവധിയാണ്. ചിന്താസ്വാതന്ത്ര്യത്തിനും ആവിഷ്കാരസ്വാതന്ത്ര്യത്തിനും എതിരായി സംഘടിപ്പിക്കപ്പെട്ട ആക്രമണങ്ങൾ പൊതുജന ശ്രദ്ധയിൽ വരികയും അവയ്ക്കെതിരായി വ്യാപകമായ പ്രതിഷേധം ഉയർന്നുവരികയുമുണ്ടായിട്ടുണ്ട്. എം.എഫ് ഹുസൈൻ ഒരു ഉദാഹരണം മാത്രം. അത്രതന്നെ അറിയപ്പെടാത്ത ആക്രമണങ്ങൾ നിരവധിയാണ്. വർഗീയതയ്ക്കെതിരായി ശബ്ദമുയർത്തിയ എല്ലാ ബുദ്ധിജീവികളെയും കലാകാരന്മാരെയും അപകീർത്തിപ്പെടുത്താനുള്ള ശ്രമവും നടന്നിട്ടുണ്ട്. സംഘപരിവാരത്തിന്റെ കാർമികത്വത്തിലും ഭരണകൂടത്തിന്റെ സഹായത്തോടെയും നടന്ന സാംസ്കാരികധ്വംസനം വ്യക്തിപരമായ അധിക്ഷേപങ്ങളിലും അവഹേളനങ്ങളിലും അടങ്ങിനിന്നിരുന്നില്ല. സാംസ്കാരിക ബഹുസ്വരതയിൽ അധിഷ്ഠിതമായ പാരമ്പര്യത്തെയും ജീവിതരീതിയെയും സാമൂഹ്യബന്ധങ്ങളെയും തമസ്കരിക്കാനുള്ള ശ്രമങ്ങളാണ് യഥാർഥത്തിൽ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതും.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇന്ത്യയിലെ ബുദ്ധിജീവികളിൽ ഒരു വിഭാഗം വർഗീയതയുടെ ചേരിയിലേക്ക് മാറിയതായി കാണാം. ഈ മാറ്റത്തെ അധികാരവുമായി ബന്ധപ്പെട്ട അവസരവാദം മാത്രമായി തള്ളിക്കളയാൻ കഴിയില്ല. ഇന്ത്യയിലെ സാംസ്കാരിക-ധൈഷണിക മണ്ഡലങ്ങളിൽ നിർണായകമായ സ്വാധീനം ചെലുത്തിയിരുന്നത് മതേതര ബുദ്ധിജീവികളാണ്. സാംസ്കാരിക രംഗത്തെ വർഗീയതയുടെ വരുതിയിൽ കൊണ്ടുവരണമെങ്കിൽ അവരുടെ സ്വാധീനത്തെ ഇല്ലായ്മ ചെയ്തേ മതിയാകൂ. അതുകൊണ്ടാണ് മതേതര, സാംസ്കാരിക പ്രവർത്തകരെയും ബുദ്ധിജീവികളെയും അപകീർത്തിപ്പെടുത്താനും ആക്രമിക്കാനും ശ്രമങ്ങളുണ്ടായത്. അടിസ്ഥാനരഹിതമായ ആരോപണങ്ങളും ശാരീരികമായ പീഡനങ്ങൾ പോലും ചില സാംസ്കാരിക പ്രവർത്തകർക്കും ബുദ്ധിജീവികൾക്കും നേരിടേണ്ടിവന്നു. ഫാഷിസ്റ്റ് ശക്തികൾ അനുവർത്തിച്ചുപോന്ന ഈ തന്ത്രം പരിവാരസംഘടനകൾ വളരെ ഫലപ്രദമായി ഉപയോഗിച്ചു.

ഈ ആക്രമണം നേരിടാൻ ധൈര്യമില്ലാത്ത പലരും നിശ്ശബ്ദരാവുകയോ പിൻവാങ്ങുകയോ ചെയ്തു. അതുതന്നെയാണ് സംഘപരിവാരം ആഗ്രഹിച്ചത്. കാരണം മതേതരബുദ്ധിജീവികൾ ഉപേക്ഷിച്ചുപോയ പൊതുമണ്ഡലത്തെ കീഴ്പ്പെടുത്താൻ അവർക്ക് എളുപ്പം സാധിക്കും. അധികാരം വല്ലാത്തൊരു ലഹരിയാണ്. മതേതരബുദ്ധിജീവികളിൽ പലർക്കും വർഗീയശക്തികൾ ഭരണത്തിലെത്തിയപ്പോഴുണ്ടായ 'മനഃപരിവർത്തനം' ഈ ലഹരിയുടെ ഫലമാണെന്നുവേണം കരുതാൻ. അവരിൽ പലരും 'കാവി' ഭാരതീയ പാരമ്പര്യത്തിന്റെ ചിഹ്നമാണെന്ന് 'കണ്ടുപിടിച്ചു.' ഇന്ത്യയുടെ സംസ്കാരം ഹിന്ദുസംസ്കാരമാണെന്ന് 'തിരിച്ചറിഞ്ഞു.' ഇന്ത്യ മതേതര രാഷ്ട്രമായത് ഹിന്ദുമതത്തിന്റെ സ്വാധീനം കൊണ്ടാണെന്ന് വാദിച്ചു. ഈ തിരിച്ചറിവുകൾ അവരിൽ പലരെയും കാവിപക്ഷത്തേക്കെത്തിച്ചു. അവിടെനിന്ന് സാംസ്കാരിക സ്ഥാപനങ്ങളുടെ തലപ്പത്തേക്ക് ചേക്കേറാൻ സഹായിക്കുകയും ചെയ്തു. ■




# കലിയടങ്ങാതെ യുദ്ധങ്ങൾ; മാനവരാശി നേടുന്നതെന്ത്?

സെയ്തലവി വിളയൂർ
9846089211

ആയുധങ്ങളുടെ ചിലമ്പൊലികളും വെല്ലുവിളികളുടെ ആക്രോശങ്ങളുമില്ലാത്ത ഒരു ദിനം പോലും മാനവരാശിക്ക് കടന്നുപോകുന്നില്ലെന്നാണ് ലോകചരിത്രവും വർത്തമാനകാല സംഭവവികാസങ്ങളും ഉറക്കെ വിളിച്ചുപറയുന്നത്. ദേശീയമോ അന്തർദേശീയമോ ആഭ്യന്തരമോ ആയ സംഘർഷങ്ങൾ ഭൂഖണ്ഡങ്ങളുടെ ഏതെങ്കിലും ഒരിടത്ത് എപ്പോഴും നിലനിൽക്കുന്നുണ്ട്. ആർക്കും ആരെയും ഒരു കാരണവും മുന്നറിയിപ്പും കൂടാതെ തന്നെ കടന്നാക്രമിക്കാമെന്ന സ്ഥിതിവിശേഷം മനുഷ്യരാശിയുടെ സ്വൈര ജീവിതത്തിനുമേൽ ഭയത്തിന്റെ കരിനിഴൽ വീഴ്ത്തിക്കൊണ്ടിരിക്കുകയാണ്. സമാധാന ശ്രമങ്ങളോട് മുഖംതിരിഞ്ഞു നിൽക്കുകയും അന്താരാഷ്ട്ര കരാറുകൾ വരെ നിർബാധം ലംഘിക്കുകയും ചെയ്തുകൊണ്ടുള്ള സൈനിക നടപടികൾ അപകടകരമായ അധിനിവേശത്തിന്റേ പുതിയ രീതിശാസ്ത്രങ്ങളാണ് മുന്നോട്ടു വയ്ക്കുന്നത്. യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കുമപ്പുറം സമാധാനത്തിന്റെ പുതിയ പാതകൾ വെട്ടിത്തുറക്കാൻ അന്താരാഷ്ട്രീയ സമൂഹത്തിന് മൊത്തം ബാധ്യതയുണ്ടെന്നിരിക്കെ നിക്ഷിപ്ത താത്പര്യങ്ങളാണ് അവരെ പിറകോട്ട് വലിക്കുന്നതെന്ന ഭീകര യാഥാർഥ്യം സമാധാന പ്രിയരെ കുറച്ചൊന്നുമല്ല ആശങ്കയിലാഴ്ത്തുന്നത്. ഇതെഴുതുമ്പോൾ റഷ്യ യുക്രെയ്നിന്റെ തന്ത്രപ്രധാനമായ ഭാഗം പിടിച്ചടക്കാനുള്ള അതിശക്തമായ പോരാട്ടത്തിലാണെന്നുള്ള വാർത്തകൾ ചാനലുകളിൽ ഫ്ളാഷ് ന്യൂസായി മിന്നിമറയുന്നുണ്ട്.

മനുഷ്യന്റെ യുദ്ധക്കൊതി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. നൂറ്റാണ്ടുകളുടെ പഴക്കമുണ്ടതിന്. ഇടതടവില്ലാത്ത സായുധ പോരാട്ടങ്ങളും സമാനതകളില്ലാത്ത രക്തച്ചൊരിച്ചിലുകളുമാണ് ലോകത്ത് നടന്നിട്ടുള്ളത്. മാനവചരിത്രത്തിൽ കഴിഞ്ഞ 5559 വർഷങ്ങളിൽ 143513 യുദ്ധങ്ങൾ നടന്നുവത്രെ! 3540 ദശലക്ഷത്തിലധികം പേരാണത്രെ ഈ യുദ്ധങ്ങളിൽ കൊല്ലപ്പെട്ടത്. നൂറോളം വർഷം നീണ്ടുനിന്ന ട്രോജൻ യുദ്ധങ്ങളും കുരിശുയുദ്ധങ്ങളും ഉൾപ്പെടെ യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും നീണ്ടകഥകളാണ് ലോകത്തിന് അയവിറക്കാനുള്ളത്. ഒരു നൂറ്റാണ്ടോളം നീണ്ട കുരിശു യുദ്ധത്തിൽ ലക്ഷ

ക്കണക്കിന് മനുഷ്യരാണ് കൊല്ലപ്പെട്ടത്. 'ചാവുകടലിന് സമീപം മറ്റൊരു ചോരക്കടൽ' എന്നാണ് ഫ്രഞ്ച് ചരിത്രകാരന്മാർ ഇതിനെ വിശേഷിപ്പിച്ചത്. വർഷങ്ങൾ കഴിഞ്ഞെങ്കിലും ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ തീർത്ത ഭീതിയും നഷ്ടവും ഇന്നും പൂർണമായും വിട്ടൊഴിഞ്ഞിട്ടില്ല. അതിൽതന്നെ മനുഷ്യരാശി കണ്ട ഏറ്റവും ഭീകരവും വിനാശകരവുമായ പോരാട്ടമായിരുന്നു 1939-1945ൽ നടന്ന രണ്ടാം ലോക മഹായുദ്ധം. 72 ദശലക്ഷം മനുഷ്യമക്കളാണ് ഈ യുദ്ധത്തിൽ മാത്രം മരിച്ചുവീണത്. ഇതിൽ തന്നെ 24 ദശലക്ഷം സൈനികരായിരുന്നു. 70ലേറെ രാജ്യങ്ങൾ ഭൂഗോളത്തിന്റെ നാനാദിക്കുകളിലായി നടത്തിയ കൊടുംയുദ്ധമായിരുന്നു രണ്ടാം ലോകമഹായുദ്ധം.

2003ലെ നോബെൽ സമ്മാന ജേതാവായ റിച്ചാർഡ് ഇ. സ്മാലി മനുഷ്യരാശി അടുത്ത 50 വർഷത്തിൽ നേരിടുന്ന പത്ത് വലിയ പ്രശ്നങ്ങളിൽ ആറാമത്തെതായി യുദ്ധത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അറ്റമില്ലാത്ത അധിനിവേശ ചിന്തകളുടെയും അത്യാഗ്രഹങ്ങളുടെയും അനന്തരഫലമെന്നോണം സംഭവിക്കുന്നതാണ് ഓരോ യുദ്ധവും. 1832ലെ 'ഓൺ വാർ' എന്ന തന്റെ പ്രബന്ധത്തിൽ പ്രഷ്യൻ സൈനിക ജനറലായ കാൾ വോൺ ക്ലോ സെവിറ്റ്സ് യുദ്ധത്തെ ഇപ്രകാരം നിർവചിക്കുകയുണ്ടായി: ''തങ്ങളുടെ ശത്രുക്കളെ തങ്ങളുടെ ഇച്ഛക്കനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിതരാക്കുവാൻ വേണ്ടിയുള്ള ഒരു ബലപ്രയോഗമാണ് യുദ്ധം.''

'ശത്രുവിനെ കീഴടക്കി സ്വന്തം നിലപാടുകൾ ശത്രുവിന്റെമേൽ കെട്ടിവെക്കലാണ് യുദ്ധം' എന്ന് ഓപ്പൺ ഹൈം നിർവചിക്കുന്നു. നിർവചനങ്ങൾ എന്തുതന്നെയായാലും യുദ്ധം വരുത്തിവയ്ക്കുന്ന കഷ്ട

2003ലെ നോബെൽ സമ്മാന ജേതാവായ റിച്ചാർഡ് ഇ. സ്മാലി മനുഷ്യരാശി അടുത്ത 50 വർഷത്തിൽ നേരിടുന്ന പത്ത് വലിയ പ്രശ്നങ്ങളിൽ ആറാമത്തെതായി യുദ്ധത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അറ്റമില്ലാത്ത അധിനിവേശ ചിന്തകളുടെയും അത്യാഗ്രഹങ്ങളുടെയും അനന്തരഫലമെന്നോണം സംഭവിക്കുന്നതാണ് ഓരോ യുദ്ധവും. 1832ലെ 'ഓൺ വാർ' എന്ന തന്റെ പ്രബന്ധത്തിൽ പ്രഷ്യൻ സൈനിക ജനറലായ കാൾ വോൺ ക്ലോ സെവിറ്റ്സ് യുദ്ധത്തെ ഇപ്രകാരം നിർവചിക്കുകയുണ്ടായി: ''തങ്ങളുടെ ശത്രുക്കളെ തങ്ങളുടെ ഇച്ഛക്കനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിതരാക്കുവാൻ വേണ്ടിയുള്ള ഒരു ബലപ്രയോഗമാണ് യുദ്ധം.''

നഷ്ടങ്ങളെ സംബന്ധിച്ച് അതിന് കോപ്പുകൂട്ടുന്നവർക്ക് പോലും ലവലേശം സംശയമുണ്ടായിരിക്കുകയില്ല.

കൂട്ടമരണങ്ങൾ, തലമുറകളിലേക്ക് പടരുന്ന ജനിതക രോഗങ്ങൾ, അനാഥത്വം, സമ്പത്തിന്റെയും ജീവനോപാധികളുടെയും നാശം... തുടങ്ങിയവയൊക്കെയാണ് യുദ്ധങ്ങൾ ഭൂമണ്ഡലത്തിന് ഇത്രകാലവും സമ്മാനിച്ചത്.

രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക ആണവായുധം പ്രയോഗിച്ചപ്പോൾ ഒരു നിമിഷംകൊണ്ടാണ് ജപ്പാൻ ജനതക്ക് സകലതും നഷ്ടപ്പെട്ടത്. കണ്ണടച്ചു തുറക്കുന്നതിനിടയിലാണ് പ്രതാപപ്പെരുമയിൽ ഉയർന്നുനിന്നിരുന്ന ജനനിബിഢമായ രണ്ടു നഗരങ്ങൾ കത്തിച്ചാമ്പലായത്. ശാസ്ത്രത്തിന്റെ സകലനേട്ടങ്ങളും മനുഷ്യന്റെ നശീകരണത്തിനായി ഉപയോഗിക്കപ്പെടുമ്പോൾ വിലപ്പെട്ട മനുഷ്യജീവിതമാണ് നിർദയം ഹോമിക്കപ്പെടുന്നത്. എത്ര പെട്ടെന്നാണ് യുദ്ധങ്ങൾ ഒരു രാജ്യത്തെ താറുമാറാക്കുന്നത്.

പഴയ ഒരു ചിത്രം സങ്കൽപിക്കാൻ പോലുമാവാത്ത തരത്തിലാണ് പല നഗരങ്ങളും നിമിഷാർദ്ധങ്ങൾക്കുള്ളിൽ ശവപ്പറമ്പുകളായിത്തീരുന്നത്. കെട്ടിടങ്ങളും പാലങ്ങളും റോഡുകളും തകർക്കപ്പെടുന്നതോടെ ബാക്കിയാവുന്നവരുടെ സഞ്ചാരങ്ങളാണ് ഒരിടത്ത് ഒതുക്കപ്പെടുന്നത്. പട്ടിണിയും തൊഴിലില്ലായ്മയും രൂക്ഷമാവുകയും സമ്പദ്‌വ്യവസ്ഥ തകർന്നടിയുകയും ചെയ്യുന്നു. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് ഏകാന്തതയിൽ ജീവിക്കാൻ വിധിക്കപ്പെടുന്നവരുടെ തേങ്ങലുകളും വിലാപങ്ങളും കൂടിയാകുമ്പോൾ ചിത്രം പൂർണമാകുന്നു.



പ്രതിരോധത്തിന്റെ പേരിൽ വാങ്ങിക്കൂട്ടുന്ന ആയുധങ്ങൾ നിസ്സാര പ്രകോപനങ്ങളിൽപോലും എടുത്തുപയോഗിക്കുമ്പോൾ സാധാരണക്കാരന്റെ തലക്കുമുകളിലാണ് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അവ വർഷിക്കുന്നത്. യുദ്ധങ്ങളിലെല്ലാം ഈ ദാരുണ ദുരന്ത ചിത്രങ്ങളാണ് ലോകമെങ്ങും കണ്ടുകൊണ്ടിരിക്കുന്നത്. സ്ത്രീകളും കുട്ടികളുമാണ് മറ്റെന്തിലെയുംപോലെ യുദ്ധങ്ങളുടെയും പ്രധാന ഇരകൾ.

പ്രതിരോധത്തിന് വേണ്ടി ഓരോ രാജ്യവും ചെലവിടുന്ന കോടിക്കണക്കിന് രൂപയും ശത്രുവിനെ നിഗ്രഹിക്കാൻ ചെലവഴിക്കുന്ന മനുഷ്യാധ്വാനവും ഉണ്ടെങ്കിൽ പട്ടിണിമുക്തമായ ഒരു ക്ഷേമരാജ്യം എളുപ്പത്തിൽ സാധ്യമാക്കാം. അതോടൊപ്പം മറ്റു അടിസ്ഥാന സൗകര്യങ്ങളടക്കമുള്ളവയിൽ വൻ വികസന വിപ്ലവവും സൃഷ്ടിക്കാം. കൂടാതെ വിനഷ്ടമായിക്കൊണ്ടിരിക്കുന്ന മാനവരാശിയുടെ ജീവിതം പൂർണാർഥത്തിൽ വീണ്ടെടുക്കാനാവും. നശിപ്പിക്കാൻ എളുപ്പമാണ്. നഷ്ടപ്പെട്ടവ തിരിച്ചെടുക്കാൻ കാലങ്ങളുടെ കഠിന പ്രയത്നങ്ങൾ ആവശ്യമാണെന്ന ചിന്തയാണ് ഭരണകൂടങ്ങൾക്ക് അത്യന്താപേക്ഷിതമായി ഉണ്ടാവേണ്ടത്.

**പ്രതിരോധത്തിന്റെ പേരിൽ വാങ്ങിക്കൂട്ടുന്ന ആയുധങ്ങൾ നിസ്സാര പ്രകോപനങ്ങളിൽപോലും എടുത്തുപയോഗിക്കുമ്പോൾ സാധാരണക്കാരന്റെ തലക്കുമുകളിലാണ് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അവ വർഷിക്കുന്നത്. യുദ്ധങ്ങളിലെല്ലാം ഈ ദാരുണ ദുരന്ത ചിത്രങ്ങളാണ് ലോകമെങ്ങും കണ്ടുകൊണ്ടിരിക്കുന്നത്. സ്ത്രീകളും കുട്ടികളുമാണ് മറ്റെന്തിലെയും പോലെ യുദ്ധങ്ങളുടെയും പ്രധാന ഇരകൾ.**
**പ്രതിരോധത്തിന് വേണ്ടി ഓരോ രാജ്യവും ചെലവിടുന്ന കോടിക്കണക്കിന് രൂപയും ശത്രുവിനെ നിഗ്രഹിക്കാൻ ചെലവഴിക്കുന്ന മനുഷ്യാധ്വാനവും ഉണ്ടെങ്കിൽ പട്ടിണിമുക്തമായ ഒരു ക്ഷേമരാജ്യം എളുപ്പത്തിൽ സാധ്യമാക്കാം. അതോടൊപ്പം മറ്റു അടിസ്ഥാന സൗകര്യങ്ങളടക്കമുള്ളവയിൽ വൻ വികസന വിപ്ലവവും സൃഷ്ടിക്കാം.**

എങ്ങനെയാണ് യുദ്ധങ്ങൾ ഉടലെടുക്കുന്നത്? അവ അനിവാര്യതയുടെ സൃഷ്ടിയല്ലെന്ന് ചിന്തിക്കുന്ന ആർക്കും ബോധ്യമാകും. ലോകമേധാവിത്വം അരക്കിട്ടുറപ്പിക്കാനും സാമ്പത്തികവും രാഷ്ട്രീയവുമായ നേട്ടങ്ങൾ കൊയ്യാനും വേണ്ടി സാമ്രാജ്യത്വ ശക്തികൾ പടച്ചുണ്ടാക്കുന്ന ഗൂഢപദ്ധതികളാണ് ഓരോ യുദ്ധവും. മിക്ക ശത്രുതകളുടെയും അടിവേരുകൾ കിടക്കുന്നത് കൊളോണിയൽ താത്പര്യങ്ങളിലാണ്. അതുകൊണ്ട്തന്നെ എന്തും പ്രശ്നവത്കരിക്കേണ്ടത് സാമ്രാജ്യത്വശക്തികളുടെ ആവശ്യമാണ്. പ്രഖ്യാപിത യുദ്ധങ്ങളോടൊപ്പം അപ്രഖ്യാപിതമായ യുദ്ധാന്തരീക്ഷം മേഖലകളിൽ നിലനിർത്തിപ്പോരാൻ അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. ആയുധക്കച്ചവടം പൊടിപൊടിക്കാനും അവർക്ക് യുദ്ധങ്ങൾ നടന്നേ മതിയാകൂ. റഷ്യൻ വിപ്ലവത്തിന്റെ ശിൽപിയായ വ്ളാദിമിർ ലെനിൻ ലോകയുദ്ധങ്ങളെ സാമ്രാജ്യത്വ യുദ്ധം എന്ന് വിളിച്ചതും അതുകൊണ്ടാവാം.





അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും മൂർത്തിമത്ഭാവമായ അമേരിക്ക നടത്തിയ അധിനിവേശങ്ങളും അക്രമങ്ങളും അവരുടെ ധാർഷ്ട്യത്തിന്റെ ഒന്നാന്തരം ഉദാഹരണങ്ങളാണ്.

ഫ്രാങ്ക്ലിൻ റൂസ് വെൽറ്റിന്റെ മരണത്തെ തുടർന്ന് അമേരിക്കയുടെ പരമാധികാരത്തിൽ കയറിയിട്ട് കേവലം മൂന്ന് മാസം മാത്രമായ അന്നത്തെ അമേരിക്കൻ പ്രസിഡന്റ്ഹാരി ട്രൂമാൻ മുഴക്കിയ ഭീഷണി ഇന്നും മനുഷ്യരാശിയെ വിറപ്പിക്കുന്നതാണ്. 'ഞങ്ങളുടെ നിർദേശങ്ങൾ സ്വീകരിച്ചില്ലെങ്കിൽ ഭൂമിയിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത നാശത്തിന്റെ പെരുമഴ കാണാൻ തയ്യാറായിക്കോളൂ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. 1600കളിൽ ജന്മിത്ത വ്യവസ്ഥിതിയെ പരാജയപ്പെടുത്തിക്കൊണ്ട് ലോകത്ത് കടന്നു വന്ന ഏറ്റവും പുതിയ വ്യവസ്ഥിതിയാണ് മുതലാളിത്തം. ഇതിന്റെ നെറുകയിലാണ് നാമിന്ന്. മൂന്നാം ലോക രാജ്യങ്ങളെ അവരുടെ ചൊൽപടിക്കു കീഴിൽ നിർത്തുവാൻ എന്നും അവർ ശ്രമിച്ചുകൊണ്ടിരിക്കും. കാര്യ ലാഭങ്ങൾക്കായി ഇല്ലാത്ത കാരണങ്ങൾ പടച്ചുണ്ടാക്കി അവർ യുദ്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇതിനിടയിൽ കുളം കലക്കിയും കൈ നനയാതെയും മീൻ പിടിക്കുന്നവരുമുണ്ട്.

യുദ്ധം ഒന്നിനും പരിഹാരമല്ല. അതാണ് ലോകാനുഭവം. ചരിത്രം പരിശോധിച്ചാലറിയാം യുദ്ധങ്ങൾ നാശമേ വരുത്തിവച്ചിട്ടുള്ളൂവെന്ന്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ വലിയ പാഠങ്ങളാണ് നൽകിയത്. ലോകസമാധാനത്തിന് മാത്രമെ രാഷ്ട്രങ്ങളും ജനതകളും നേരിടുന്ന മൗലിക പ്രശ്നങ്ങൾക്ക് കാതലായ പരിഹാരം കാണാനാവൂ എന്ന തിരിച്ചറിവും വിവേകപൂർണമായ നയതന്ത്ര സമീപനവും രണ്ടാം ലോക മഹായുദ്ധാനന്തരം ശക്തിപ്പെട്ടു. അങ്ങനെയാണ് പുതിയ ധാരണകളിലേക്കും അന്താരാഷ്ട്ര സംവിധാനത്തിലേക്കും സമാധാന ശ്രമങ്ങൾ എത്തിപ്പെട്ടത്.

യുദ്ധമെന്ന ശാപത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ലോകനേതാക്കൾ 1945ൽ ഐക്യരാഷ്ട്ര സഭക്ക് രൂപം നൽകിയത്. സമാധാനപരമായ മാർഗങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അത് രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്തു. പക്ഷേ, അമേരിക്കയുടെ ലോക മേധാവിത്വതാൽപര്യം സോവിയറ്റ് യൂണിയനെയും മറ്റു രാജ്യങ്ങളെയും ലക്ഷ്യംവച്ച് ശീതയുദ്ധ പദ്ധതികൾ നടപ്പിലാക്കി ഭൂഖണ്ഡങ്ങളിൽ യുദ്ധങ്ങൾക്ക് തിരികൊളുത്തി. ഐക്യരാഷ്ട്ര സഭയുടെ തീരുമാനങ്ങളെ മുഖവിലക്കെടുക്കാതെ തങ്ങളുടെ യുദ്ധക്കൊതിക്ക് ന്യായങ്ങൾ നിരത്തി. രണ്ടാം ലോകമഹായുദ്ധത്തിനെ 'ന്യായീകരിക്കപ്പെട്ട യുദ്ധ'മായാണ് (just war) അമേരിക്ക ഉയർത്തിക്കാട്ടിയത്. അക്രമിച്ചപ്പോൾ ആ അധിനിവേശത്തിന് അമേരിക്കയിട്ട വിളിപ്പേര് അനന്തമായ നീതി നടപ്പാക്കൽ (Operation infinite justice) എന്നായിരുന്നു.

റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനത്തേതാവട്ടെ എന്ന് പ്രത്യാശിക്കാൻ മാത്രമെ ഇപ്പോൾ വകയുള്ളൂ. സമാധാനം പുനഃസ്ഥാപിക്കണമെങ്കിൽ യുദ്ധത്തിന് കോപ്പുകൂട്ടുന്ന ഭരണാധികാരികൾതന്നെ മാറിച്ചിന്തിക്കണം. യുനെസ്കോ ഭരണഘടന ചൂണ്ടിക്കാണിക്കുന്നത് പോലെ മനുഷ്യമനസ്സുകളിലാണ് യുദ്ധം പൊട്ടിപ്പുറപ്പെടുന്നത്. അതിനാൽ സമാധാനത്തിന്റെ പ്രതിരോധങ്ങൾ ഉയർത്തേണ്ടതും മനുഷ്യമനസ്സുകളിലാണ്. ■

**ഫ്രാങ്ക്ലിൻ റൂസ് വെൽറ്റിന്റെ മരണത്തെ തുടർന്ന് അമേരിക്കയുടെ പരമാധികാരത്തിൽ കയറിയിട്ട് കേവലം മൂന്ന് മാസം മാത്രമായ അന്നത്തെ അമേരിക്കൻ പ്രസിഡന്റ്ഹാരി ട്രൂമാൻ മുഴക്കിയ ഭീഷണി ഇന്നും മനുഷ്യരാശിയെ വിറപ്പിക്കുന്നതാണ്. 'ഞങ്ങളുടെ നിർദേശങ്ങൾ സ്വീകരിച്ചില്ലെങ്കിൽ ഭൂമിയിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത നാശത്തിന്റെ പെരുമഴ കാണാൻ തയ്യാറായിക്കോളൂ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. 1600കളിൽ ജന്മിത്ത വ്യവസ്ഥിതിയെ പരാജയപ്പെടുത്തിക്കൊണ്ട് ലോകത്ത് കടന്നു വന്ന ഏറ്റവും പുതിയ വ്യവസ്ഥിതിയാണ് മുതലാളിത്തം. ഇതിന്റെ നെറുകയിലാണ് നാമിന്ന്. മൂന്നാം ലോക രാജ്യങ്ങളെ അവരുടെ ചൊൽപടിക്കു കീഴിൽ നിർത്തുവാൻ എന്നും അവർ ശ്രമിച്ചുകൊണ്ടിരിക്കും. കാര്യ ലാഭങ്ങൾക്കായി ഇല്ലാത്ത കാരണങ്ങൾ പടച്ചുണ്ടാക്കി അവർ യുദ്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കും. ഇതിനിടയിൽ കുളം കലക്കിയും കൈ നനയാതെയും മീൻ പിടിക്കുന്നവരുമുണ്ട്.**



> ഏതൊരു നിയമവും നിർമിക്കപ്പെടുന്നത് മനുഷ്യരുടെ ഗുണത്തിനു വേണ്ടിയാണ്. നിയമങ്ങളും നിയന്ത്രണങ്ങളുമില്ലാത്ത ലോകത്ത് അരാജകത്വം കൊടികുത്തി വാഴും. എന്നാൽ, നിയമങ്ങളും നിയന്ത്രണങ്ങളും ഇഷ്ടപ്പെടാത്തവർ സ്വതന്ത്രവാദമെന്ന ഓമനപ്പേരിട്ട് ഇത്തരം അതിർവരമ്പുകൾ ലംഘിച്ച് സ്വയം നാശത്തിലേക്ക് എടുത്തെറിയപ്പെടുന്നു. എന്തൊക്കെയാണ് സ്വതന്ത്രവാദത്തിന് പിന്നിലെ ചതിക്കുഴികൾ?

# സ്വതന്ത്ര്യവാദത്തിനു പിന്നിലെ ചതിക്കുഴികൾ

ടി.കെ അശ്റഫ്
: 81118 07199

ലിബറലിസം അഥവാ സ്വതന്ത്രവാദം പാശ്ചാത്യൻ നാടുകളിലാണ് ഉദയം ചെയ്തതെങ്കിലും ഇന്റർനെറ്റിന്റെ വ്യാപനത്തെ തുടർന്ന് അതിവേഗം നമ്മുടെ നാട്ടിൻപ്രദേശങ്ങളിലേക്കും കത്തിപ്പടർന്നുകൊണ്ടിരിക്കുകയാണിന്ന്. കേരളത്തിൽ യുക്തിവാദം എന്ന പേരിലാണ് മുൻകാലത്ത് ഇത് അറിയപ്പെട്ടിരുന്നത്. അന്ന് അവരുടെ ആശയങ്ങൾ സ്വന്തം അരങ്ങിൽനിന്ന് വിട്ടുപോയിട്ടില്ലായിരുന്നു. എന്നാൽ സാമൂഹ്യ മാധ്യമങ്ങൾ സാർവത്രികമായതോടെ ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ക്ലബ് ഹൗസ്... തുടങ്ങിയ സംവിധാനങ്ങളിലൂടെ ഇവർ ഇത്രകാലം അടക്കം പറഞ്ഞിരുന്ന ആശയങ്ങൾ ഉറക്കെ പറയാൻ തുടങ്ങിയിരിക്കുന്നു. അതിന് പ്രേക്ഷകരായി പുതുതലമുറയെ യഥേഷ്ടം ലഭിക്കുകയും ചെയ്യുന്നുണ്ട്. നിയമങ്ങളും നിയന്ത്രണങ്ങളും പൊതുവെ ഇഷ്ടമല്ലാത്ത കൗമാരപ്രായക്കാർക്ക് സ്വതന്ത്രവാദം ഹരം പകരുക സ്വാഭാവികമാണ്.

മനുഷ്യജീവിതത്തിലെ സമസ്ത മേഖലകളിലും ദൈവികനിയമങ്ങൾ കർശനമായി പാലിക്കണമെന്ന് അനുശാസിക്കുന്ന മതങ്ങളെയാണ് സ്വതന്ത്രവാദികൾ ആദ്യം എതിർപക്ഷത്ത് നിർത്തുന്നതെങ്കിലും എല്ലാ വിഭാഗത്തിൽപെട്ടവർക്കും രാജ്യസുരക്ഷക്ക് തന്നെയും വെല്ലുവിളി ഉയർത്തുന്ന വാദമായാണ് ലിബറലിസം പരിണമിക്കുക. ഇതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഇനിയും നാം വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല.

സ്വതന്ത്രവാദം പുരോഗമനത്തിന്റെ പുതപ്പണിഞ്ഞാണ് പ്രത്യക്ഷപ്പെടുന്നത് എന്നതിനാൽ പലരും തങ്ങൾപോലുമറിയാതെ അതിൽ അകപ്പെട്ടുപോയിട്ടുണ്ട്. അപകടം തിരിച്ചറിയുമ്പോഴേക്കും ബഹുദൂരം സഞ്ചരിച്ചിട്ടുണ്ടായിരിക്കും. തന്റെയും കുടുംബത്തിന്റെയും ജീവിത കാഴ്ചപ്പാട് അതിനനുസരിച്ച് മാറിക്കഴിഞ്ഞിരിക്കും. പിന്നീട് തിരിച്ചുവരിക പ്രയാസകരമാണ്.

എന്താണ് ലിബറലിസത്തിന്റെ ഹിഡൺ അജണ്ടയെന്ന് വ്യക്തമായി തിരിച്ചറിയുകയും സ്വതന്ത്രവാദം ഏതുവിധമാണ് നമ്മിലേക്ക് കടന്നുവരുന്നതെന്ന് കൃത്യമായി മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഇതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം. 'ലിബറലിസം' എന്ന പദത്തിന്റെ ഉൽപത്തിയും ചരിത്രവും പരിണാമവും വിശദീകരിക്കുന്ന അക്കാദമികമായ പഠനത്തിനപ്പുറം 'സ്വതന്ത്രവാദം' പ്രയോഗത്തിൽ നമുക്കേൽപിക്കുന്ന പരിക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി നാം മനസ്സിലാക്കേണ്ടതുണ്ട്.

ലിബറലിസത്തിന് തെറ്റും ശരിയും വേർതിരിക്കാൻ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ ഇല്ലാത്തതുകൊണ്ട് ആർക്കും എന്തും വാദിക്കാം എന്നതാണ് ഇതിലെ ഏറ്റവും വലിയ അപകടം. പത്തുവർഷം മുമ്പ് എല്ലാവരും ഒരേപോലെ വളരെ മോശം എന്ന് കരുതിയിരുന്ന പലതും ഇന്ന് തെറ്റാണെന്ന് പറയുന്നതുപോലും വലിയ അപരാധമായി ചിത്രീകരിക്കുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

വ്യഭിചാരം പാപമാണെന്ന് ആർക്കാണറിയാത്തത്? എന്നാൽ ഇന്ന് അതിൽ ഏർപെടുന്നവർക്ക് മാന്യതയുടെ പരിവേഷം ലഭിച്ചിരിക്കുന്നു! അഭിസാരികമാർക്ക് പ്രത്യേക സംഘടന ഉണ്ടായിരിക്കുന്നു. ഉഭയകക്ഷി സമ്മതപ്രകാരം ലൈംഗികബന്ധത്തിലേർപെട്ടാൽ അത് കുറ്റമല്ലെന്ന് മാത്രമല്ല, നിയമത്തിന്റെ പരിരക്ഷ കൂടി അതിന് ലഭിക്കുകയും ചെയ്യുന്നു! സ്വവർഗരതിയെ മ്ലേച്ഛമായാണ് നാം വീക്ഷിച്ചിരുന്നത്. ഇന്നാകട്ടെ, അത് നിയമപരമായി അനുവദിക്കപ്പെട്ടിരിക്കുന്നു! ആത്മഹത്യ ശിക്ഷാർഹമായിരുന്നു. ഇന്ന് അതിനെ 'ദയാവധം' (യുത്തനേസിയ) എന്ന പദാവലിയിലേക്ക് ചേർത്തുനിർത്തി മഹത്ത്വവത്കരിക്കുന്നു!

ഇതുപോലെ, ഇന്ന് നാം അറപ്പോടെ കാണുന്ന പലതും കുറെ കാലം കഴിഞ്ഞാൽ തെറ്റാണെന്ന് പറയാൻ പോലും സാധിക്കാത്ത സാഹചര്യം സംജാതമായേക്കാം. ഭ്രൂണഹത്യയെ കരുണയുള്ള ഒരാളും അംഗീകരിക്കില്ല. എന്നാൽ ഇന്ന് അബോർഷൻ ചെയ്യാൻ അനുവാദം നൽകുന്ന നിയമനിർമാണം ഉണ്ടായിരിക്കുന്നു. പല ഡോക്ടർമാരും വളരെ ലാഘവത്തോടെ അതിനെ ന്യായീകരിക്കുകയും ചെയ്യുന്നു. കോഴിമുട്ടകൊണ്ട് ഓംലറ്റ് ഉണ്ടാക്കുന്നതിൽ നമുക്ക് മാനസിക സംഘർഷം ഇല്ലെങ്കിൽ അതുപോലെ കണ്ടാൽ മതി അബോർഷനെയും എന്നാണ് ഒരു മലയാള ചാനലിന് നൽകിയ അഭിമുഖത്തിൽ ഒരു ഡോക്ടർ പറഞ്ഞത്! ഇൻസെസ്റ്റും മൃഗരതിയും ശിശുരതിയും ശവഭോഗവുംവരെ ചെയ്യുന്നതിൽ യാതൊരു തെറ്റും കാണേണ്ടതില്ലെന്ന് കേരളത്തിലെ സ്വതന്ത്രവാദികൾ പ്രസംഗിച്ചതായി നമുക്ക് കാണാനാകും. നന്മ-തിന്മകളുടെ അതിരുകൾ മനുഷ്യർ മാറ്റിക്കൊണ്ടിരിക്കുകയാണ് എന്നർഥം. ഏത് വിഷയത്തിലും സ്വതന്ത്രചിന്തയാണ് കൗമാരക്കാരുടെ പ്രഥമ തെരഞ്ഞെടുപ്പ്.

**മനുഷ്യജീവിതത്തിലെ സമസ്ത മേഖലകളിലും ദൈവികനിയമങ്ങൾ കർശനമായി പാലിക്കണമെന്ന് അനുശാസിക്കുന്ന മതങ്ങളെയാണ് സ്വതന്ത്രവാദികൾ ആദ്യം എതിർപക്ഷത്ത് നിർത്തുന്നതെങ്കിലും എല്ലാ വിഭാഗത്തിൽപെട്ടവർക്കും രാജ്യസുരക്ഷക്ക് തന്നെയും വെല്ലുവിളി ഉയർത്തുന്ന വാദമായാണ് ലിബറലിസം പരിണമിക്കുക. ഇതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഇനിയും നാം വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല. സ്വതന്ത്രവാദം പുരോഗമനത്തിന്റെ പുതപ്പണിഞ്ഞാണ് പ്രത്യക്ഷപ്പെടുന്നത് എന്നതിനാൽ പലരും തങ്ങൾപോലുമറിയാതെ അതിൽ അകപ്പെട്ടുപോയിട്ടുണ്ട്. അപകടം തിരിച്ചറിയുമ്പോഴേക്കും ബഹുദൂരം സഞ്ചരിച്ചിട്ടുണ്ടായിരിക്കും. തന്റെയും കുടുംബത്തിന്റെയും ജീവിത കാഴ്ചപ്പാട് അതിനനുസരിച്ച് മാറിക്കഴിഞ്ഞിരിക്കും. പിന്നീട് തിരിച്ചുവരിക പ്രയാസകരമാണ്.**

ആധികാരിക പ്രമാണങ്ങൾ മുൻനിർത്തിയുള്ള മതദർശനങ്ങൾക്ക് മാത്രമെ ലിബറൽ സംസ്കാരത്തെ ചെറുത്തുതോൽപിക്കാനുള്ള കരുത്തുള്ളൂവെന്ന് ലിബറലിസ്റ്റുകൾക്ക് അറിയാം. മതത്തിന് പുറത്തുനിന്ന് സ്വതന്ത്രവാദം പ്രചരിപ്പിച്ചാൽ മതവിശ്വാസികളെ വശീകരിക്കാനാവില്ല എന്ന് തിരിച്ചറിഞ്ഞ ലിബറലിസ്റ്റുകൾ മതത്തിനുള്ളിൽ കയറി മതവിശ്വാസികളെ തന്നെ വിലക്കെടുത്ത് സ്വതന്ത്രവാദം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളാണ് കുറച്ചുകാലമായി നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഒരു പരിധിവരെ ലക്ഷ്യം കാണുന്നുണ്ടെന്നാണ് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത്. കമ്യൂണിസം മതത്തിന് എതിരാണെന്ന് മതവിശ്വാസികൾക്ക് അറിയാമെന്നതുകൊണ്ട് അവരും ഇതേ വഴിയാണ് സ്വീകരിച്ചുവരുന്നത്. മതവിശ്വാസത്തിന്റെ കെട്ടുപൊട്ടിക്കാൻ ലിബറലിസവും കമ്യൂണിസവും മതത്തിനകത്ത് കൈകോർത്താണ് പ്രവർത്തിക്കുന്നത്. ജെൻഡർ ന്യൂട്രൽ യൂണിഫോം എന്ന ആശയം സമീപകാലത്ത് കടന്നുവന്നതും അതിനോടുള്ള സർക്കാർ സമീപനവും ഇതിന് ഏറ്റവും വലിയ തെളിവാണ്.

ബാലുശ്ശേരി ഹൈസ്കൂളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോം ഉദ്ഘാടനം ചെയ്തത് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദുവായിരുന്നു. വിമർശിക്കപ്പെട്ടപ്പോൾ പോലും മന്ത്രി അതിൽനിന്ന് പിന്മാറിയില്ലെന്ന് മാത്രമല്ല; ഉദ്ഘാടന ശേഷം ഈ നീക്കം ചരിത്രപരമായ മുന്നേറ്റമാണെന്ന് തന്റെ ഫേസ്ബുക്കിൽ കുറിക്കുകയാണ് ചെയ്തത്! വരുംദിവസങ്ങളിൽ ഇത് മറ്റു സ്കൂളുകളിലും നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അതിനു ശക്തമായ എതിർപ്പ് വന്നപ്പോഴാണ് വിദ്യാഭ്യാസമന്ത്രി വിശദീകരണവുമായി രംഗത്തുവന്നത്. പിടിഎയുടെയും അധ്യാപകരുടെയും പൂർണപിന്തുണയുള്ള സ്കൂളുകളിൽ മാത്രമെ ഇത് നടപ്പാക്കുകയുള്ളൂ എന്നാണ് മന്ത്രി പിന്നീട് വിശദീകരിച്ചത്. ഈ ആശയം ഞങ്ങൾ അംഗീകരിക്കുന്നുണ്ട്, എന്നാൽ എതിർപ്പുള്ളതുകൊണ്ട് തത്കാലം നിർബന്ധിക്കുന്നില്ല എന്നാണ് ഇതിനർഥം!

പലരും കേവലമൊരു യൂണിഫോം പ്രശ്നമെന്ന നിലയിൽ ഉപരിപ്ലവമായി മാത്രമാണ് ഇതിനെ കാണുന്നത്. സ്ത്രീക്കും പുരുഷനും ഒരേ വേഷമായാൽ എന്താണ് പ്രശ്നം എന്ന് ചോദിക്കുന്നവരുണ്ട്. വർഷങ്ങൾക്ക് മുമ്പ് മറ്റ് കോളേജുകളിലും പെൺകുട്ടികൾ പാന്റ്സ് ധരിച്ചിട്ടില്ലേയെന്ന് ചോദിച്ച് വിഷയത്തെ മാറ്റിമറിക്കുന്നവരുമുണ്ട്. ഇത് ഒരു വേഷത്തിന്റെ മാത്രം പ്രശ്നമല്ല; ഒരു പുതിയ ആശയമാണ് ഇതിലൂടെ കൊണ്ടുവരുന്നത് എന്ന യാഥാർഥ്യം നാം കാണാതെപോകരുത്. ഇതിനുമുമ്പ് യൂണിഫോം നടപ്പാക്കിയ സ്ഥാപനങ്ങളിലൊന്നും gender netural എന്ന പേര് അതിനു നൽകിയതായി കണ്ടിട്ടില്ല. ഇനി മുതൽ സ്ത്രീ-പുരുഷൻ എന്നീ രണ്ട് സ്വത്വം ഇല്ലെന്നും 'അവൻ,' 'അവൾ' എന്നൊന്നും പ്രയോഗിക്കരുതെന്നും 'അവർ' എന്നേ പറയാവൂ എന്നുമാണ് ലിംഗനിഷ്പക്ഷത (gender netural) എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. Gender disphoria എന്ന പ്രതിസന്ധിയിലേക്കാണ് പുതുതലമുറയെ ഇതിലൂടെ എടുത്തെറിയുന്നത്. താൻ സ്ത്രീയാണോ പുരുഷനാണോ എന്ന കൺഫ്യൂഷൻ ഓരോ വ്യക്തിയിലേക്കും ഉണ്ടാക്കലാണ് Gender disphoria എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. LGBTQ എന്ന സ്പെക്ട്രത്തിലേക്ക് കൂടുതൽ പേരെ ചേർക്കാനുള്ള നടപടിയാണിത്. പാശ്ചാത്യ നാടുകളിൽ മാതാപിതാക്കളുടെ സമ്മതമില്ലാതെ ലിംഗമാറ്റ ശസ്ത്രക്രിയക്ക് അനുമതി നൽകുന്ന നിയമം വന്നുകഴിഞ്ഞു. കാനഡ

**വ്യഭിചാരം പാപമാണെന്ന് ആർക്കാണറിയാത്തത്? എന്നാൽ ഇന്ന് അതിൽ ഏർപെടുന്നവർക്ക് മാന്യതയുടെ പരിവേഷം ലഭിച്ചിരിക്കുന്നു! അഭിസാരികമാർക്ക് പ്രത്യേക സംഘടന ഉണ്ടായിരിക്കുന്നു. ഉഭയകക്ഷി സമ്മതപ്രകാരം ലൈംഗികബന്ധത്തിലേർപെട്ടാൽ അത് കുറ്റമല്ലെന്ന് മാത്രമല്ല, നിയമത്തിന്റെ പരിരക്ഷ കൂടി അതിന് ലഭിക്കുകയും ചെയ്യുന്നു! സ്വവർഗരതിയെ മ്ലേച്ഛമായാണ് നാം വീക്ഷിച്ചിരുന്നത്. ഇന്നാകട്ടെ, അത് നിയമപരമായി അനുവദിക്കപ്പെട്ടിരിക്കുന്നു! ആത്മഹത്യ ശിക്ഷാർഹമായിരുന്നു. ഇന്ന് അതിനെ 'ദയാവധം' (യുത്തനേസിയ) എന്ന പദാവലിയിലേക്ക് ചേർത്തുനിർത്തി മഹത്ത്വവത്കരിക്കുന്നു!**

**ആധികാരിക പ്രമാണങ്ങൾ മുൻനിർത്തിയുള്ള മതദർശനങ്ങൾക്ക് മാത്രമെ ലിബറൽ സംസ്കാരത്തെ ചെറുത്തുതോൽപിക്കാനുള്ള കരുത്തുള്ളൂവെന്ന് ലിബറലിസ്റ്റുകൾക്ക് അറിയാം. മതത്തിന് പുറത്തു നിന്ന് സ്വതന്ത്രവാദം പ്രചരിപ്പിച്ചാൽ മതവിശ്വാസി കളെ വശീകരിക്കാനാവില്ല എന്ന് തിരിച്ചറിഞ്ഞ ലിബറ ലിസ്റ്റുകൾ മതത്തിനുള്ളിൽ കയറി മതവിശ്വാസികളെ തന്നെ വിലക്കെടുത്ത് സ്വതന്ത്രവാദം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളാണ് കുറച്ചുകാലമായി നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഒരു പരിധിവരെ ലക്ഷ്യം കാണുന്നുണ്ടെന്നാണ് സമീപകാല സംഭവ ങ്ങൾ സൂചിപ്പിക്കുന്നത്. കമ്യൂണിസം മതത്തിന് എതിരാണെന്ന് മതവിശ്വാസികൾക്ക് അറിയാമെന്നതുകൊണ്ട് അവരും ഇതേ വഴിയാണ് സ്വീകരിച്ചുവരുന്നത്.**



യിൽ 13 വയസ്സുള്ള കുട്ടി എതിർലിംഗത്തിലേക്ക് മാറാൻ ശ്രമിച്ചതിനെ പിതാവ് എതിർത്തത് കേസായത് നാമറിയണം. സർജറിയാകട്ടെ, പലപ്പോഴും പരാജയമാണ്. പിന്നീട് തന്റെ പൂർവസ്ഥിതിയിലേക്ക് തിരിച്ചുപോകാനും സാധ്യമാകാത്ത പ്രതിസന്ധിയിലേക്കാണ് ഇത്തരക്കാർ ചെന്നെത്തുന്നത്!

സ്ത്രീയെ പുരുഷനാക്കിയോ, പുരുഷനെ സ്ത്രീയാക്കിയോ അല്ല സ്ത്രീ പുരുഷ സമത്വം നടപ്പാക്കേണ്ടത്. ലിംഗസമത്വം എന്ന വാക്കിനെക്കാൾ ലിംഗനീതി എന്ന പദമാണ് പ്രായോഗികമായിട്ടുള്ളത്. ശരീരഘടനയിലും ഹോർമോണുകളിലും വിചാരവികാരങ്ങളിലും പ്രജനനശേഷിയിലും എല്ലാം സ്ത്രീപുരുഷന്മാർ ഭിന്ന ധ്രുവങ്ങളിലാണ് നിലകൊള്ളുന്നത്. അത് നിലനിർത്തി പരസ്പര സഹകരണവും നീതിയും ഉറപ്പുവരുത്തുന്നതിലാണ് സമൂഹസുരക്ഷ കുടികൊള്ളുന്നത്. സ്ത്രീക്ക് സ്വാതന്ത്ര്യം ഉണ്ടാവണമെങ്കിൽ പുരുഷനാകണമെന്ന ചിന്തതന്നെ സ്ത്രീസ്വത്വം മോശമാണെന്ന മുൻവിധിയിലധിഷ്ഠിതമായ പൊതുബോധത്തിന് ചൂട്ടുപിടിക്കലാണ്.

ജെൻഡർ ന്യൂട്രൽ എന്നത് യൂണിഫോമിൽ മാത്രമൊതുങ്ങുന്ന ഒന്നല്ല. വിദ്യാലയങ്ങളിലെ ഇരിപ്പിടം മുതൽ സാമൂഹ്യ മേഖലയിൽ ജെൻസ്, ലേഡീസ് എന്ന് പ്രത്യേകം എഴുതിയ ബോർഡുകൾ എല്ലാം ഒഴിവാക്കി അവിടങ്ങളിലെല്ലാം ഒന്നിച്ച് മേളിക്കുന്ന സാഹചര്യമാണ് ഉണ്ടാക്കാൻ പോകുന്നത്. ബഹു: എം.എ ബേബി വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരിക്കുന്നതിന്റെ തുടക്കം എന്ന നിലയ്ക്ക് ചില നീക്കങ്ങൾ ഉണ്ടായിരുന്നു. എതിർപ്പുകളെ തുടർന്ന് ഹാജർ പട്ടികയിൽ പേരുകൾ ഇടകലർത്തി എഴുതുന്നതിൽ ഈ നീക്കം ഒതുങ്ങുകയാണ് അന്നുണ്ടായത്.

ഓരോ വീട്ടിലും ഒരു സ്വതന്ത്രവാദി ഉണ്ടായാൽ ആ വീട്ടിൽ മാതാപിതാക്കളെ സമ്മർദത്തിലാക്കി ധാർമിക അതിർവരമ്പുകൾ ഭേദിക്കുക എളുപ്പമാണ്. ഓരോ സ്ഥാപനത്തിന്റെ ഭരണസമിതിയിലും ലിബറൽ ചിന്താഗതിയുള്ളവരെ ബോധപൂർവം ഉൾപ്പെടുത്തിയാൽ അവരുടെ ഹിഡൻ അജണ്ടകൾ നടപ്പാക്കാൻ പ്രയാസമുണ്ടാകില്ല. ധാർമിക, സദാചാര മൂല്യങ്ങൾ ബോധവത്കരിക്കുന്ന മതസ്ഥാപനങ്ങളുടെയും പള്ളികളുടെയും പ്രസിദ്ധീകരണങ്ങളുടെയും സംഘടനകളുടെയുമെല്ലാം അധികാരകേന്ദ്രങ്ങളിൽ ലിബറൽ കാഴ്ചപ്പാട്



സ്വാധീനിക്കപ്പെട്ടവർ കടന്നുവന്നാൽ ലക്ഷ്യം നേടാൻ അധികകാലം വേണ്ടിവരില്ല. കമ്യൂണിസവും ലിബറലിസവും കൈകോർത്തുകൊണ്ട് ഈ വഴിയിലാണ് മുന്നേറുന്നത്. അതിരുകളില്ലാത്ത ലോകം എന്ന പേരിൽ കമ്യൂണിസ്റ്റ് വിദ്യാർഥി പ്രസ്ഥാനങ്ങൾ ക്യാമ്പസിൽ നടത്തുന്ന മെമ്പർഷിപ്പ് ക്യാമ്പയിൻ ഈ ലക്ഷ്യം വെച്ചുള്ളതാണ്. 2021 മെയ് 7ന് കമ്യൂണിസ്റ്റ് വിദ്യാർഥി സംഘടന അന്തർദേശീയ 'സ്വയംഭോഗദിനം' സജീവമായി ആചരിച്ചത് ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്.

കുടുംബശ്രീ ജെൻഡർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ലിംഗവിവേചനമില്ലാത്ത തലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളുകളിലും കോളേജുകളിലും ജെൻഡർ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ കാര്യാലയത്തിൽനിന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനിലേക്ക് നിർദേശം നൽകിയതിന്റെ പിന്നിലും ലക്ഷ്യം മറ്റൊന്നല്ല.

അടുത്ത തലമുറയിൽ ജെൻഡർ ന്യൂട്രൽ എന്ന ആശയം പ്രയോഗതലത്തിൽ വരുത്താനുള്ള ബോധപൂർവ്വമായ നീക്കമായിട്ട് മാത്രമെ ഈ നിർദേശത്തെ നിരീക്ഷിക്കാനാവൂ. ലിംഗ സമത്വത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ വാർത്തെടുക്കുക, ലിംഗ ഭേദമില്ലാതെ വിദ്യാർഥികൾക്ക് പഠനം, വിനോദം, സ്പോർട്സ്, കല, സാഹിത്യം തുടങ്ങിയ മേഖലകളിൽ തുല്യ അവസരങ്ങളും പങ്കാളിത്തവും ഉറപ്പാക്കുക എന്നിവയാണ് സ്കൂളുകളിൽ രൂപീകരിക്കുന്ന ഈ ക്ലബ്ബിന്റെ ലക്ഷ്യങ്ങളിൽ ചിലത്.

അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവർക്കായുള്ള ജെൻഡർ പരിശീലനങ്ങൾ സംഘടിപ്പിക്കുക, എല്ലാ മേഖലയിലും ലിംഗ വ്യത്യാസമില്ലാതെ തുല്യ അവസരങ്ങൾ ഉപയോഗിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കുട്ടികളുടെ ടോക് ഷോകൾ സംഘടിപ്പിക്കുക എന്നിവയാണ് ലക്ഷ്യം നേടാനുള്ള പ്രവർത്തനങ്ങൾ. അധ്യാപകർ എല്ലാവരും ഓരോ ഇടവേള മാറി മാറി ക്ലബ്ബിന്റെ ചുമതല വഹിക്കണമെന്നും നിർദേശിക്കുന്നുണ്ട്.

ഈ നീക്കത്തെ സമൂഹം ഗൗരവമായി നിരീക്ഷിക്കണം. പഠനം, വിനോദം, സ്പോർട്സ്, കല, സാഹിത്യം തുടങ്ങിയ മേഖലകളിൽ ഇപ്പോൾതന്നെ സ്കൂൾ, കോളേജ് തലങ്ങളിൽ അർഹമായ അവസരങ്ങൾ ഉണ്ടായിരിക്കെ പുതുതായി ലക്ഷ്യംവയ്ക്കുന്നത് ആൺ, പെൺ അസ്തിത്വം അഴിച്ചെടുക്കലാണെന്ന കാര്യം വ്യക്തമാണ്. ജെൻഡർ ക്ലബ്ബുകൾ ജെൻഡർ ഡിസ്ഫോറിയയിലേക്ക് പുതുതലമുറയെ തെളിക്കുകയാണ് ചെയ്യുന്നത്. ധാർമികമൂല്യങ്ങളിൽ വിശ്വസിക്കുന്നവർക്ക് സ്ത്രീയെയും പുരുഷനെയും കൂട്ടിക്കുഴക്കുന്ന ലിബറൽ സംസ്കാരത്തിന് കുടപിടിക്കാനാവില്ല.

പാശ്ചാത്യൻ നാടുകൾ ഇത്തരം തലതിരിഞ്ഞ ചിന്താധാരകളെ വാരിപ്പുണർന്നതിന്റെ തിക്തഫലം നന്നായി അനുഭവിക്കുന്നുണ്ട്.

**സ്ത്രീയെ പുരുഷനാക്കിയോ, പുരുഷനെ സ്ത്രീയാക്കിയോ അല്ല സ്ത്രീ പുരുഷ സമത്വം നടപ്പാക്കേണ്ടത്. ലിംഗസമത്വം എന്ന വാക്കിനെക്കാൾ ലിംഗനീതി എന്ന പദമാണ് പ്രായോഗികമായിട്ടുള്ളത്. ശരീരഘടനയിലും ഹോർമോണുകളിലും വിചാരവികാരങ്ങളിലും പ്രജനനശേഷിയിലും എല്ലാം സ്ത്രീപുരുഷന്മാർ ഭിന്ന ധ്രുവങ്ങളിലാണ് നിലകൊള്ളുന്നത്. അത് നിലനിർത്തി പരസ്പര സഹകരണവും നീതിയും ഉറപ്പുവരുത്തുന്നതിലാണ് സമൂഹസുരക്ഷ കുടികൊള്ളുന്നത്. സ്ത്രീക്ക് സ്വാതന്ത്ര്യം ഉണ്ടാവണമെങ്കിൽ പുരുഷനാകണമെന്ന ചിന്തതന്നെ സ്ത്രീസ്വത്വം മോശമാണെന്ന മുൻവിധിയിലധിഷ്ഠിതമായ പൊതുബോധത്തിന് ചൂട്ടുപിടിക്കലാണ്.**

പല രാജ്യങ്ങളും തിരിഞ്ഞുനടക്കാൻ തുടങ്ങിയിരിക്കുന്നു. ഫ്രാൻസിൽ പതിറ്റാണ്ടുകൾക്ക് ശേഷം ഇൻസെസ്റ്റ് (പ്രായഭേദമെന്യേ പിതാവ്, മാതാവ്, മകൻ, മകൾ എന്നിവരുമായുള്ള ലൈംഗികബന്ധം) നിരോധിച്ചുകൊണ്ടുള്ള വാർത്ത പുറത്തുവന്നത് ഈയിടെ നാം കണ്ടു. ഇതുവരെ അവിടെ 18 വയസ്സിന് മുകളിലുള്ള ആർക്കും ആരുമായും ഉഭയകക്ഷി സമ്മതപ്രകാരം ലൈംഗിക ബന്ധമാവാം എന്നതായിരുന്നു നിയമം. അതിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തിയാണ് പുതിയ തീരുമാനം എടുത്തത്. പാശ്ചാത്യർ ചവച്ചുതുപ്പിയ സംസ്കാരത്തെ പുരോഗമനത്തിന്റെ പേരിൽ നടപ്പാക്കിത്തുടങ്ങുകയാണ് നമ്മൾ!

സ്ത്രീയും പുരുഷനും അനീതിക്കിരയാവുന്ന സദാചാരക്രമമാണ് ലിബറലിസത്തിന്റേത്. ലിബറലിസത്തിൽ ലൈംഗികബന്ധത്തിനുള്ള ഉപാധി പരസ്പര സമ്മതമാണ്. അങ്ങനെ പരസ്പര സമ്മതത്തോടെ ബന്ധത്തിലേർപ്പട്ട ഒരു സ്ത്രീക്ക് എത്ര കാലത്തിന ശേഷവും അത് ബലാൽക്കാരം ആയിരുന്നു എന്ന് പറയാൻ കഴിയും. അത്തരം ആരോപണങ്ങൾ സമൂഹത്തിൽ ഇപ്പോൾ ധാരാളമായി നടക്കുന്നത് കാണാം.

ഇസ്‌ലാമിൽ ലൈംഗികബന്ധത്തിലെ ഉപാധി വിവാഹമാണ്, പരസ്പര സമ്മതമല്ല. വിവാഹബന്ധം തകർന്നു പോയാലും സ്ത്രീയോ പുരുഷനോ ഇരയാക്കപ്പെടുകയില്ല. രണ്ടുകൂട്ടരുടെയും അവകാശങ്ങളും ബാധ്യതകളും കൃത്യവും വ്യക്തവുമാണ്. കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ അവകാശങ്ങളും കൃത്യപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഫ്രീ സെക്സ് ആഗ്രഹിക്കുന്ന ന്യൂനാൽ ന്യൂനപക്ഷത്തിന്റെ ചിന്താഗതികൾ ധാർമികമായി നിലനിൽക്കാനാഗ്രഹിക്കുന്ന മഹാഭൂരിപക്ഷത്തിന് മേൽ ഔദ്യോഗിക സംവിധാനങ്ങളിലൂടെ അടിച്ചേൽപിക്കാൻ ഒരുകാരണവശാലും അനുവദിച്ചുകൂടാ. ധാർമികബോധമുള്ള മുഴുവൻ ആളുകളും ഇതിനെതിരെ രംഗത്തിറങ്ങണം. കുടുംബശ്രീ സംവിധാനം കുടുംബം കലക്കാനുള്ള ഉപകരണമായി മാറരുത്.

ലിബറലിസത്തിന്റെ കടന്നുവരവിന് പ്രധാന തടസ്സമായി നിലകൊള്ളുന്നത് കുടുംബം എന്ന സാമൂഹ്യസ്ഥാപനമാണ്. കുടുംബത്തിന്റെ കവാടം വിവാഹമാണ്. കുടുംബത്തെ ശിഥിലമാക്കാൻ വിവാഹത്തെ തകർക്കുകയാണ് ആദ്യം വേണ്ടത്. നിയമപരമായി വിവാഹത്തിന്റെ പ്രായം 18ൽനിന്ന് 21ലേക്ക് ഉയർത്തുകയും ഉഭയകക്ഷി സമ്മതപ്രകാരം ലൈംഗികബന്ധത്തിലേർപ്പെടാൻ 18 വയസ്സ് മാത്രം മതി എന്നുള്ള പുതിയ നിയമനിർമാണം നടത്തുകയും ചെയ്യുകവഴി കടുത്ത അരാജകത്വമാണ് വരാനിരിക്കുന്നത്. ഉത്തരവാദിത്തമില്ലാത്ത ഒരു തലമുറയുടെ സൃഷ്ടിയായിരിക്കും ഇതിന്റെ പരിണിതഫലം.

കുടുംബത്തകർച്ചയുടെ പ്രത്യാഘാതം വളരെ വലുതാണ്. പുതിയ തലമുറയുടെ വിദ്യാഭ്യാസത്തെ വരെ അത് ബാധിക്കുന്നു. അതുകൊണ്ടാണ് ഒരു ഘട്ടത്തിൽ ബ്രിട്ടനിലെ മാത്തമാറ്റിക്സ് ടീച്ചേഴ്സ്




**കുടുംബത്തകർച്ചയുടെ പ്രത്യാഘാതം വളരെ വലുതാണ്. പുതിയ തലമുറയുടെ വിദ്യാഭ്യാസത്തെവരെ അത് ബാധിക്കുന്നു. അതുകൊണ്ടാണ് ഒരു ഘട്ടത്തിൽ ബ്രിട്ടനിലെ മാത്തമാറ്റിക്സ് ടീച്ചേഴ്സ് അസോസിയേഷൻ രാജ്യത്തെ വിദ്യാർഥികളുടെ ഗണിതപഠനം ശക്തിപ്പെടണമെങ്കിൽ ബ്രിട്ടനിൽ കുടുംബവ്യവസ്ഥ തിരിച്ചുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടത്. ബറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായിരുന്ന സമയത്ത് ഗണിത ശാസ്ത്രത്തിൽ ഇന്ത്യൻ വിദ്യാർഥികളെ മാതൃകയാക്കണമെന്ന് അമേരിക്കൻ വിദ്യാർഥികളോട് ആവശ്യപ്പെട്ടിരുന്നു.**

അസോസിയേഷൻ രാജ്യത്തെ വിദ്യാർഥികളുടെ ഗണിതപഠനം ശക്തിപ്പെടണമെങ്കിൽ ബ്രിട്ടനിൽ കുടുംബവ്യവസ്ഥ തിരിച്ചുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടത്. ബറാക് ഒബാമ അമേരിക്കൻ പ്രസിഡന്റായിരുന്ന സമയത്ത് ഗണിതശാസ്ത്രത്തിൽ ഇന്ത്യൻ വിദ്യാർഥികളെ മാതൃകയാക്കണമെന്ന് അമേരിക്കൻ വിദ്യാർഥികളോട് ആവശ്യപ്പെട്ടിരുന്നു.

ലിബറലിസത്തിന്റെ സ്വാധീനമുള്ള സമൂഹങ്ങളെക്കുറിച്ച് പറയാറുള്ള ഒരു ഉദാഹരണമുണ്ട്: 'അവിടെ പ്രായപൂർത്തിയായ ആൺകുട്ടികളുടെ കൈയിൽ ഒരു തോക്കും പെൺകുട്ടികളുടെ കൈയിൽ അച്ഛനില്ലാത്ത ഒരു കുഞ്ഞുമുണ്ടായിരിക്കും.' ഇത് അതിശയോക്തി കലർന്നതാണെങ്കിലും അത്തരമൊരു സമൂഹത്തിന്റെ ധാർമികാവസ്ഥയെ തുറന്നുകാട്ടുന്നുണ്ട്.

കുടുംബത്തിന്റെ അടിത്തറ തകർക്കുകയും അതുവഴി ഓരോ വ്യക്തിയെയും സ്വതന്ത്രമാക്കി സാമ്പത്തികമായും ലൈംഗികമായും ചൂഷണം ചെയ്യുകയും ചെയ്യുന്ന നാളുകളാണ് ഇനി വരാനിരിക്കുന്നത്. ഇത് കമ്പോളവത്കരണത്തിന്റെയും കോർപ്പറേറ്റുകളുടെയും എന്നത്തെയും ആവശ്യം കൂടിയാണ്. പോണോഗ്രാഫി, കോസ്മെറ്റിക്, സെക്സ് ടോയ് തുടങ്ങിയ കോടികൾ ഒഴുകുന്ന മാർക്കറ്റ് ഇതിനായി കണ്ണുംതുറന്ന് കാത്തിരിക്കുന്നു.

അധ്യാപക സമൂഹത്തിന് ഈ കടന്നുവരവിനെ പ്രതിരോധിക്കുന്നതിൽ വലിയ പങ്കു വഹിക്കാനുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് ഇത്തരം ചിന്തകൾ നടപ്പിലാക്കുവാൻ അധികാരികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മലപ്പുറം ജില്ലാ ശിശുക്ഷേമ സമിതിയുടെ ഒത്താശയോടെ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ ജെൻഡർ ന്യൂട്രൽ കാമ്പയിൻ കോളേജുകൾ കേന്ദ്രീകരിച്ച് തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഒരു ന്യൂനപക്ഷത്തിന്റെ വികൃതമായ ആവശ്യം ഭൂരിപക്ഷത്തിനുമേൽ അടിച്ചേൽപിക്കാൻ വിദ്യാലയങ്ങളെ ദുരുപയോഗം ചെയ്യാനുള്ള ശ്രമത്തെ വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണേണ്ടതുണ്ട്. ■



# അണ്ഡാശയ കുമിളകൾ

ഡോ. യാസ്മിൻ എം. അബ്ബാസ്, ആമയൂർ
:9400288772

ഗർഭാശയത്തിന്റെ രണ്ടു വശങ്ങളിലായി സ്ഥിതിചെയ്യുന്ന, ബദാം പരിപ്പിന്റെ ആകൃതിയിലുള്ള സ്ത്രീ പ്രത്യുൽപാദന അവയവമാണ് അണ്ഡാശയം അഥവാ ഓവറി. പ്രത്യുൽപാദന കോശമായ അണ്ഡങ്ങളുടെ ഉത്പാദനം, വളർച്ച, സെക്സ് ഹോർമോണുകളുടെ പ്രവർത്തനം തുടങ്ങി, സ്ത്രീകളുടെ പ്രത്യുൽപാദന പ്രവർത്തനങ്ങൾ അണ്ഡാശയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്നു.

### അണ്ഡാശയ കുമിളകൾ

4 സെന്റി മീറ്റർ നീളവും 2 സെന്റി മീറ്റർ വീതിയും 1/2 സെന്റി മീറ്റർ കനവും ആണ് അണ്ഡാശയങ്ങളുടെ സാധാരണ വലിപ്പം. ഇതിൽനിന്നും വലിപ്പം കൂടിവരികയും അണ്ഡാശയങ്ങളിൽ കുമിളകൾ കണ്ടുവരികയും ചെയ്യുന്ന അവസ്ഥയാണ് അണ്ഡാശയ കുമിളകൾ അഥവാ പി.സി.ഒ.ഡി.

ഇത്തരം അണ്ഡാശയങ്ങളിൽ പ്രായപൂർത്തി ആവാത്തതോ ഭാഗികമായി മാത്രം പ്രായപൂർത്തി എത്തിയതോ ആയ അണ്ഡങ്ങൾ മാത്രമാണ് സാധാരണ ഉദ്പാദിപ്പിക്കപ്പെടുന്നത്. ഇതിന്റെ യഥാർഥ കാരണം കണ്ടുപിടിക്കപ്പെട്ടിട്ടില്ലെങ്കിലും അമിത ഭാരം, ജംഗ്ഫുഡ്, മാനസിക സമ്മർദം, ഹോർമോൺ വ്യതിയാനങ്ങൾ തുടങ്ങിയവ ചില സാധ്യതാഘടകങ്ങളായി പറയപ്പെടുന്നു.

### ലക്ഷണങ്ങൾ

ആർത്തവചക്രത്തിലെ വ്യതിയാനം, മുഖക്കുരു, അമിതമായ രോമവളർച്ച, അമിതഭാരം, വിഷാദം, വന്ധ്യത, ഗർഭം അലസിപ്പോകൽ തുടങ്ങിയവയാണ് പൊതുവായി കാണപ്പെടുന്ന ലക്ഷണങ്ങൾ.

ഹോർമോണുകളെ കൈകാര്യം ചെയ്യുന്ന ഗ്രന്ഥിയായതിനാൽ തന്നെ ഇതിന്റെ പ്രവർത്തനങ്ങളിലുള്ള താളപ്പിഴകൾ ശരീരത്തിന്റെ മറ്റു മേഖലകളിൽ കൂടി ബാധിക്കുന്ന അവസ്ഥയാണ് പി.സി.ഒ.എസ് എന്ന് പറയപ്പെടുന്നത്. ഇത് പ്രമേഹം, രക്തസമ്മർദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവയ്ക്ക് കാരണമാവുന്നു.

### ലക്ഷണങ്ങളെ അവഗണിക്കാതിരിക്കുക

മിക്ക സ്ത്രീകളിലും കൗമാര പ്രായത്തിൽതന്നെ ലക്ഷണങ്ങൾ കണ്ടേക്കാം. വിവാഹശേഷമായിരിക്കും അവർ ആർത്തവചക്രത്തിലെ ക്രമക്കേടുകൾക്കോ ഗർഭധാരണം വൈകുന്നതിനോ ഗർഭം അലസിപ്പോകുന്നതിനോ ഒക്കെയായി ചികിത്സ തേടുന്നത്.

ലക്ഷണങ്ങളെ നേരത്തെ തിരിച്ചറിയുകയാണെങ്കിൽ അൾട്രാ സൗണ്ട് സ്കാനിംഗ് വഴി വളരെ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ് പി.സി.ഒ.ഡി. ഹോർമോൺ വ്യതിയാനങ്ങളെ സംബന്ധിച്ച് അറിയാനായി രക്തപരിശോധനകളും ഉണ്ട്. നേരത്തെ കണ്ടെത്തുകയാണെങ്കിൽ സർജറി ഇല്ലാതെതന്നെ മരുന്നുകളുടെ സഹായത്തോടെ ഇത് മാറ്റിയെടുക്കാവുന്നതാണ്. ■




# ശിയാക്കളും സമസ്തയും ആശയവീഥിയിലെ ഒരേ തൂവൽ പക്ഷികൾ

മൂസ സ്വലാഹി കാര
:97473 45768

വിശ്വാസദൃഢതയും പ്രമാണനിഷ്ഠയും സച്ചരിതരായ മുൻഗാമികളെ പിൻപറ്റലും സലഫികളുടെ സവിശേഷതയാണ്. ജൂത സൃഷ്ടിയായ ശിയാഇസത്തിന്റെ വക്താക്കൾക്കും സിൽബന്തികൾക്കും ഇത് വലിയ അരോചകമുണ്ടാക്കുന്ന കാര്യമാണ്.

ശിയാ വിശ്വാസത്തെ നെഞ്ചേറ്റിയുള്ള സമസ്തയുടെ പ്രവർത്തനങ്ങളെ തെളിവുകളിലൂടെ പരസ്യപ്പെടുന്നത് പ്രതിരോധിക്കാൻ കഴിയാത്തതും അവർ ഉന്നയിക്കുന്ന ആരോപണങ്ങൾ പൊടുന്നനെ തകർക്കപ്പെടുന്നതും സമസ്തയെ വല്ലാതെ  ഭയപ്പെടുത്തുന്നുണ്ട്.

ജൂത, ക്രൈസ്തവ സഭകെള പോലെ ഇക്കൂട്ടരും മതത്തിൽ സ്വന്തമായി പലതും കടത്തിക്കൂട്ടുന്നു.  അതിനെ എതിർക്കുന്നവരെ മതവിരോധികളായി പ്രഖ്യാപിക്കുന്നു. തങ്ങൾ മാത്രമാണ് യഥാർഥ ഇസ്‌ലാമിന്റെ പിന്തുടർച്ചക്കാർ എന്ന് അവകാശപ്പെടുന്നു.

ഇ.കെ അബൂബക്കർ മുസ്‌ലിയാരുടെ പ്രഖ്യാപനം നോക്കൂ: ‘‘സമസ്ത ഒരു പുതിയ പാർട്ടിയല്ല. അത് ഇസ്‌ലാമിന്റെ, സുന്നത്ത് ജമാഅത്തിന്റെ യഥാർഥ രൂപമാണ്. അത് നിലനിൽക്കാൻ വേണ്ടിയാണ് സമസ്ത നിലകൊള്ളുന്നത്. അല്ലാത്ത മുഴുവൻ പാർട്ടികളും നശിച്ചു നാമാവശേഷമാവുകയാണ്. ആവുക തന്നെ ചെയ്യും’’ (ശംസുൽ ഉലമയുടെ പ്രസംഗം/ പേജ്,10).

**ശിയാ വിശ്വാസത്തെ നെഞ്ചേറ്റിയുള്ള സമസ്തയുടെ പ്രവർത്തനങ്ങളെ തെളിവുകളിലൂടെ പരസ്യപ്പെടുന്നത് പ്രതിരോധിക്കാൻ കഴിയാത്തതും അവർ ഉന്നയിക്കുന്ന ആരോപണങ്ങൾ പോടുന്നനെ തകർക്കപ്പെടുന്നതും സമസ്തയെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്. ജൂത, ക്രൈസ്തവ സഭകളെ പോലെ ഇക്കൂട്ടരും മതത്തിൽ സ്വന്തമായി പലതും കടത്തിക്കൂട്ടുന്നു. അതിനെ എതിർക്കുന്നവരെ മതവിരോധികളായി പ്രഖ്യാപിക്കുന്നു. തങ്ങൾ മാത്രമാണ് യഥാർഥ ഇസ്‌ലാമിന്റെ പിന്തുടർച്ചക്കാർ എന്ന് അവകാശപ്പെടുന്നു. ഇ.കെ അബൂബക്കർ മുസ്‌ലിയാരുടെ പ്രഖ്യാപനം നോക്കൂ: ''സമസ്ത ഒരു പുതിയ പാർട്ടിയല്ല. അത് ഇസ്‌ലാമിന്റെ, സുന്നത്ത് ജമാഅത്തിന്റെ യഥാർഥ രൂപമാണ്. അത് നിലനിൽക്കാൻ വേണ്ടിയാണ് സമസ്ത നിലകൊള്ളുന്നത്. അല്ലാത്ത മുഴുവൻ പാർട്ടികളും നശിച്ചു നാമാവശേഷമാവുകയാണ്. ആവുക തന്നെ ചെയ്യും'' (ശംസുൽ ഉലമയുടെ പ്രസംഗം/ പേജ്,10).**



സുന്നത്ത് ജമാഅത്തിന് എതിരായ നിലപാടിൽ മുന്നോട്ട് പോകുന്നവർ എങ്ങനെയാണ് അതിന്റെ വക്താക്കളായി മാറുക? ഇത് ഇവരുടെ വ്യാമോഹം മാത്രമാണ്. വേദക്കാരുടെ ഇത്തരത്തിലുള്ള വ്യാമോഹത്തിന് ഖുർആൻ നൽകുന്ന മറുപടി കാണുക:

''(ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ,) പറയുക; 'നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതിന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടു വരൂ' എന്ന്. എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്യുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല'' (ഖുർആൻ 2:111,112).

ഇബ്ൻ കഥീർ(റഹി) ഈ ആയത്തിന് നൽകിയ വിശദീകരണത്തിൽ പറയുന്നു: ''എന്നാൽ പുരോഹിതരുടെയും അവരോട് സാമ്യതയുള്ളവരുടെയും കർമങ്ങൾ, (അവർ അവരുടെ കർമങ്ങളിൽ ആത്മാർഥതയുള്ളവരാണെന്ന് വന്നാൽ പോലും) അവരിലേക്കും ജനങ്ങളിലേക്ക് മുഴുവനായും നിയോഗിതനായ നബി(സ)യെ പിൻപറ്റിക്കൊണ്ട് ചെയ്യുന്നതുവരെ അവരിൽനിന്ന് അത് സ്വീകരിക്കപ്പെടുകയില്ല.''

അല്ലാഹുവിന്റെ മുമ്പിൽ മാത്രം അർപ്പിക്കേണ്ട ആരാധനകളെ സൃഷ്ടികളിലേക്ക് മാറ്റാൻ സമസ്ത കൈക്കൊണ്ടത് ശിയാക്കളുടെ അതേ തത്ത്വമാണ്. 'കശ്ഫുൽ അസ്റാർ' എന്ന ഗ്രന്ഥത്തിൽ ഖുമൈനി പറയുന്നു: ''ഇലാഹും റബ്ബുമാണെന്ന വിശ്വാസത്തോടെ അല്ലാഹുവല്ലാത്തവരോട് ചോദിക്കലാണ് ശിർക്ക്. എന്നാൽ അല്ലാഹുവല്ലാത്തവരോട് ഈ വിശ്വാസമില്ലാതെ ചോദിച്ചാൽ അത് ശിർക്കാവുകയില്ല. അത് ജീവിച്ചിരിക്കുന്നവരോടായാലും മരിച്ചവരോടായാലും ശരി. അതിനാൽ ഒരാൾ തന്റെ ആവശ്യം കല്ലിനോടോ, മരത്തോടോ ചോദിച്ചാൽ അത് ശിർക്കാവില്ല.''

ഇതേ നിർവചനം സമസ്തയുടെ അടിസ്ഥാനമായി പഠിപ്പിക്കപ്പെട്ടത് കാണുക: ''പങ്കുചേർക്കുക എന്നത്രെ ശിർക്ക് എന്ന അറബി പദത്തിന്റെ ഭാഷാർഥം. ഇസ്‌ലാമിക വീക്ഷണത്തിൽ അതിന്ന് നൽകുന്ന നിർവചനം അല്ലാഹുവിന് തുല്യമായതോ, കീഴിലുള്ളതോ ആയ മറ്റ് ഇലാഹോ ഇലാഹുകളോ ഉണ്ടെന്ന് വിശ്വസിക്കൽ എന്നാണ്'' (തൗഹീദ് ഒരു സമഗ്ര പഠനം/നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ/പേജ് 58).

''ചോദ്യം: അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: അല്ലാഹു അല്ലാത്തവർ സ്വന്തമായി ഉപകാരോപദ്രവങ്ങൾ ചെയ്യുമെന്ന് പ്രാർഥിക്കുന്നവൻ വിശ്വസിക്കുന്നുണ്ടെങ്കിൽ അവൻ മുശ്രിക്കാകുന്നതാണ്. പ്രാർഥിക്കപ്പെടുന്നത് അല്ലാഹുവിന്റെ അനുവാദമില്ലാതെ ഉപകാരമോ ഉപദ്രവമോ ചെയ്യില്ലെന്നാണ് പ്രാർഥിക്കുന്നവന്റെ വിശ്വാസമെങ്കിൽ അവൻ മുശ്രിക്കാവുകയില്ല'' (രിസാല/2000 ഏപ്രിൽ 14/പേജ് 11).

''എന്നാൽ 'ദുആ' എന്നതു മറ്റു പല അർഥങ്ങൾക്കും വന്നിട്ടുണ്ട്. അതെല്ലാം ഇബാദത്തായി ഗണിക്കാൻ പറ്റില്ല. റബ്ബാണെന്ന വിശ്വാസത്തോടെയോ അല്ലെങ്കിൽ അവനു മാത്രമുള്ള വിശേഷണത്തോടെയോ കരുതിക്കൊണ്ടു വിളിക്കുന്നതാണ് ഇബാദത്താകുന്ന ദുആ'' (ഖുതുബിയ്യത്ത് പരിഭാഷയും വിശദീകരണവും/പാറന്നൂർ/പേജ് 25).

മക്കാമുശ്രിക്കുകളുടെ വിശ്വാസത്തെ തൗഹീദാക്കി ചിത്രീകരിക്കുന്ന ഇവർക്ക് ഇസ്‌ലാമിന്റെ സാക്ഷ്യത്തോട് എന്ത് കൂറാണുള്ളത്? ഈ ശുദ്ധ ശിർക്കിനെ അഹ്‌ലുസ്സുന്നയുടെ പേരിൽ വ്യാപിപ്പിക്കുന്നവർ, പ്രവാചകന്മാരും പ്രമാണങ്ങളും മുൻഗണന കൊടുത്ത തൗഹീദിനെ ഇത്ര ലാഘവത്തോടെ കാണുന്നവർ അല്ലാഹുവിന്റെ താക്കീതിനെ ഭയക്കട്ടെ.

അല്ലാഹു പറയുന്നു: ''അറിയുക, അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) 'അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.' അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച'' (ക്വുർആൻ 39:3).

പ്രാർഥന സ്വീകരിക്കപ്പെടാൻ ശിയാക്കൾ പറയുന്ന വിചിത്രമായ മാനദണ്ഡം നോക്കൂ:

''ഇമാമുമാരുടെ നാമം കൊണ്ടല്ലാതെ അല്ലാഹു പ്രാർഥന സ്വീകരിക്കുകയില്ല'' (ആമിലി/വസാഇലുശ്ശീഅ).

''ഞങ്ങളെക്കൊണ്ട് (ഇമാമുമാരെ) ആരെങ്കിലും അല്ലാഹുവിനോട് പ്രാർഥിച്ചാൽ അവൻ വിജയിച്ചു. ഞങ്ങളല്ലാത്തവരെക്കൊണ്ട് പ്രാർഥിച്ചാൽ അവൻ നശിച്ചു'' (മജ്‌ലിസി/ബിഹാറുൽ അൻവാർ).

അല്ലാഹുവോ മുഹമ്മദ് നബി(സ്വ)യോ പ്രാർഥന സ്വീകരിക്കപ്പെടാൻ ഇങ്ങനെയൊരു മാനദണ്ഡം പഠിപ്പിച്ചിട്ടില്ല. എന്നു മാത്രമല്ല ഇത് വിലക്കപ്പെട്ടതുമാണ്. ഈ വിഷയത്തിൽ ശിയാക്കളെ കടത്തിവെട്ടുന്നതാണ് സമസ്തയുടെ നിലപാട്.

''സയ്യിദന്മാരുടെ നേതാവായ നബിയേ, അങ്ങയുടെ ഉമ്മത്തിൽ പെട്ട സാധുവായ മഖ്ദൂമിതാ അങ്ങയുടെ സമീപമെത്തിയിരിക്കുന്നു. എന്റെ ഉദ്ദേശ്യങ്ങൾ സഫലമാക്കിത്തരണേ, അഭയം നൽകണേ, ദുഃഖിതനാക്കി മടക്കരുതേ'' (സുന്നത്ത് മാസിക/2007 ഏപ്രിൽ/പേജ് 8).

''ദോഷങ്ങളുടെ (കൂമ്പാരങ്ങൾക്ക്) മുകളിൽ ഞാൻ കേറിയിരിക്കുന്നു; എണ്ണവും ക്ലിപ്തവുമില്ലാത്ത വിധം. അങ്ങയോടാണ് ഞാൻ അതിൽ ആവലാതി പറയുന്നത്'' (മൻഖൂസ് മൗലിദ് പരിഭാഷ/ പേജ് 37).

''ഞങ്ങളുടെ നാഥാ! ബദ്ർ ശുഹദാക്കളുടെ ബറക്കത്തുകൊണ്ട് ഞങ്ങളുടെ ആശകളെ നിറവേറ്റിത്തരേണമേ! പരീക്ഷണങ്ങളെയും ക്ലേശങ്ങളെയും തടഞ്ഞുവെക്കേണമേ! ആശിർവാദത്തോടെ ഞങ്ങളെ രക്ഷപ്പെടുത്തേണമേ!'' (ബദ്ർ മൗലിദ് പരിഭാഷയും വിവരണവും/പേജ് 42).

''എല്ലാവിധ കാവലിനും ഏറ്റവും പ്രധാന വഴി ബദ്‌രീങ്ങളെ തവസ്സുലാക്കി (ഇടതേടുക) തന്നെ. എത്രത്തോളമെന്നാൽ, മരണ സമയത്ത് ഇബ്‌ലീസിന്റെ ഫിത്‌നയിൽനിന്ന് കാവൽ തേടാനും അത് ഉപയുക്തമാകുന്നു'' (ബദ്ർ മൗലിദ് പരിഭാഷയും വിവരണവും/പേജ് 51).

അല്ലാഹുവിന്റെ മുമ്പിൽ മാത്രം അർപ്പിക്കേണ്ട ആരാധനകളെ സൃഷ്ടികളിലേക്ക് മാറ്റാൻ സമസ്ത കൈക്കൊണ്ടത് ശിയാക്കളുടെ അതേ തത്ത്വമാണ്. 'കശ്ഫുൽ അസ്റാർ' എന്ന ഗ്രന്ഥത്തിൽ ഖുമൈനി പറയുന്നു: ''ഇലാഹും റബ്ബുമാണെന്ന വിശ്വാസത്തോടെ അല്ലാഹുവല്ലാത്തവരോട് ചോദിക്കലാണ് ശിർക്ക്. എന്നാൽ അല്ലാഹുവല്ലാത്തവരോട് ഈ വിശ്വാസമില്ലാതെ ചോദിച്ചാൽ അത് ശിർക്കാവുകയില്ല. അത് ജീവിച്ചിരിക്കുന്നവരോടായാലും മരിച്ചവരോടായാലും ശരി. അതിനാൽ ഒരാൾ തന്റെ ആവശ്യം കല്ലിനോടോ, മരത്തോടോ ചോദിച്ചാൽ അത് ശിർക്കാവില്ല.''
ഇതേ നിർവചനം സമസ്തയുടെ അടിസ്ഥാനമായി പഠിപ്പിക്കപ്പെട്ടത് കാണുക: ''പങ്കുചേർക്കുക എന്നത്രെ ശിർക്ക് എന്ന അറബി പദത്തിന്റെ ഭാഷാർഥം. ഇസ്‌ലാമിക വീക്ഷണത്തിൽ അതിന്ന് നൽകുന്ന നിർവചനം അല്ലാഹുവിന് തുല്യമായതോ, കീഴിലുള്ളതോ ആയ മറ്റ് ഇലാഹോ ഇലാഹുകളോ ഉണ്ടെന്ന് വിശ്വസിക്കൽ എന്നാണ്''
(തൗഹീദ് ഒരു സമഗ്ര പഠനം/നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ/പേജ് 58).

''കുറിപ്പ്: മുഹ്‌യിദ്ദീൻ ശൈഖ്(റ) പറഞ്ഞു: ഒരു വിഷമഘട്ടത്തിൽ ആരെങ്കിലും എന്നോട് സഹായം ചോദിച്ചാൽ ഞാനത് ദൂരീകരിച്ചുകൊടുക്കും. വലിയ വിഷമമുണ്ടാകുമ്പോൾ എന്റെ പേര് വിളിച്ചാൽ ഞാൻ ഒഴിവാക്കി കൊടുക്കും. എന്നെ ഇടനിർത്തി അല്ലാഹുവിനോട് പ്രാർഥിച്ചാൽ ഞാൻ ആവശ്യം പൂർത്തിയാക്കി കൊടുക്കും.'' (ഖുതുബിയ്യത്ത് പരിഭാഷയും വിശദീകരണവും/പാറന്നൂർ/പേജ് 24).

''വല്ല നിലത്തീന്നും എന്നെ വിളിപ്പോർക്ക്

വായ് കൂടാതുത്തിരം ചെയ്യും ഞാനെന്നോവർ

ഏതു നാട്ടിൽനിന്നെന്നെ വിളിച്ചാലും ഞാൻ ഉടനെ ഉത്തരം ചെയ്യുമെന്നർഥം. കാരണം ഗൗസുൽ അഅ്ളമിനെ വിളിച്ചാൽ ഉത്തരം ചെയ്യുന്നത് അല്ലാഹുവാണ്. അല്ലാഹുവിനെ വിളിച്ചാൽ ഉത്തരം ചെയ്യുന്നതു ഗൗസുൽ അഅ്ളമാണ്. പിന്നെന്തു പ്രയാസം?'' (വഹ്ദത്തുമാല വ്യാഖ്യാനം/കെ.വി.എം പന്താവൂർ/പേജ് 42).

മതനിയമങ്ങളിൽ പ്രാഥമിക അറിവുള്ളവർക്ക് പോലും ഇത് വിശ്വസിക്കാനാവുമോ? അല്ലാഹുവിനെ വിളിച്ചാൽ ഉത്തരം ചെയ്യുന്നത് മുഹ്‌യിദ്ദീൻ ശൈഖാണ് പോലും! എത്ര ഗുരുതരമായ വാക്കുകളാണിത്! അദ്ദേഹത്തെ സർവശക്തന്റെ പദവിയിലേക്ക് ഉയർത്തുന്ന ഇക്കൂട്ടർ വിചാരണ നാളിനെ ഭയപ്പെടുന്നില്ലേ? ഇത്തരം അവസ്ഥയിലുള്ളവർക്ക് സൂക്ഷ്മത കൈവരിക്കാനാവില്ല. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗം തേടുകയും അവന്റെ മാർഗത്തിൽ ധർമസമരത്തിൽ ഏർപെടുകയും ചെയ്യുക. നിങ്ങൾക്ക് (അത് വഴി) വിജയം പ്രാപിക്കാം'' (ക്വുർആൻ 5:35).

ഖത്താദ(റ) പറഞ്ഞു: ''അല്ലാഹുവിനെ അനുസരിച്ചും അവൻ തൃപ്തിപ്പെടുന്ന പ്രവൃത്തികൊണ്ടും നിങ്ങൾ അവനിലേക്ക് അടുക്കുക'' (തഫ്‌സീർ ഇബ്‌നു കഥീർ).

പ്രവാചകന്മാർ ഇമാമുമാരെ ഇടയാളന്മാരാക്കി അല്ലാഹുവിനോട് പ്രാർഥിച്ചപ്പോൾ പരീക്ഷണങ്ങളിൽ അത് അവർക്ക് തുണയായി എന്ന ശിയാക്കളുടെ വിശ്വാസത്തിന് തുല്യമായത് സമസ്തയും പ്രചരിപ്പിക്കുന്നു.

മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും ആലിമിയുടെ 'വസാഇലുശ്ശീഅ'യിലും വന്നത് കാണുക: ''നൂഹ്(അ) മുങ്ങാറായ വേളയിൽ ഞങ്ങളുടെ ഹക്ക് കൊണ്ട് പ്രാർഥിച്ചപ്പോൾ അല്ലാഹു രക്ഷപ്പെടുത്തി. ഇബ്‌റാഹീം നബി(അ)യെ തീയിലിട്ടപ്പോൾ ഞങ്ങളുടെ ഹക്ക് കൊണ്ട് പ്രാർഥിച്ചതിനാൽ അല്ലാഹു അതിനെ തണുപ്പും സമാധാനവുമുള്ളതാക്കി. മൂസാനബി(അ) കടലിൽ അടിച്ച് ഞങ്ങളുടെ ഹക്ക് കൊണ്ട് പ്രാർഥിച്ചപ്പോൾ അല്ലാഹു വഴി ഒരുക്കിക്കൊടുത്തു. ഈസാ നബി(അ)യെ ജൂതന്മാർ കൊല്ലാനൊരുങ്ങിയപ്പോൾ ഞങ്ങളുടെ ഹക്ക്‌കൊണ്ട് പ്രാർഥിച്ചതിനാൽ അതിൽനിന്ന് രക്ഷപ്പെടുത്തുകയും അദ്ദേഹത്തെ അല്ലാഹു ഉയർത്തുകയും ചെയ്തു.''

സമസ്തയുടെ മൂല ഗ്രന്ഥങ്ങളായ മൻഖൂസ് മൗലിദിൽ നബി(സ)യെക്കുറിച്ചും അൽഫുയൂളാതുർറബ്ബാനിയ്യയിൽ അബ്ദുൽ ഖാദിർ ജീലാനിയെക്കുറിച്ചും വർണിച്ചത് കാണുക: ''അറിയുക, ആദം നബി(പശ്ചാത്തപിക്കാൻ) ഇടയാളനാക്കിയവരാണവർ. നൂഹ് നബി(അ) അവരെക്കൊണ്ട് സഹായാർഥന നടത്തിയിട്ടുമുണ്ട്. തദ്ഫലമായി നൂഹ് നബി അപകടത്തിൽ നിന്ന് രക്ഷപ്പെട്ടു. ആ പ്രകാശം ഇബ്രാഹീം നബി(അ)ന്റെ മുതുകിൽ ഉണ്ടായിരുന്നു, അവരെ തീയിൽ എറിയപ്പെട്ട സന്ദർഭത്തിൽ. അനന്തരം ആ തീ മടങ്ങി(അണഞ്ഞു) അതിന്റെ നാളങ്ങൾ ആയിത്തീരുകയും ചെയ്തു." (മൻഖൂസ് മൗലിദ് പരിഭാഷ - വ്യാഖ്യാനം / പേജ് 23 -26).

''മുരീദേ, നമ്മുടെ കരാർ നീ പാലിക്കുവിൻ, പരലോകത്ത് മീസാനിനടുത്ത് ഞാൻ സന്നിഹിതനാകാം. മുഹമ്മദ് നബി(സ)യുടെ പ്രകാശത്തോടൊപ്പം ഉന്നതിയിലും കാബ കൗസൈനിയിലും ഞാൻ ഉണ്ടായിരുന്നു. വെള്ളപ്പൊക്കത്തിൽ ജനങ്ങൾക്കിടയിൽ നൂഹിന്റെ കൂടെ എന്റെ കഴിവ് കൊണ്ട് ഞാനുണ്ടായിരുന്നു. ഇബ്‌റാഹീം നബി തീയിലേക്ക് എറിയപ്പെട്ടപ്പോൾ ഞാൻ കൂടെയുണ്ടായിരുന്നു. എൻെറ പ്രാർത്ഥന മുഖേനയാണ് അഗ്നി തണുത്തത്. അറുക്കാൻ കൽപിക്കപ്പെട്ട ഇസ്മാഈൽ(അ) യോടൊപ്പവും ഞാൻ ഉണ്ടായിരുന്നു. എന്റെ മികവിനാലാണ് ആട് ഇറങ്ങിയത്. യഅ്ഖൂബിന്റെ കണ്ണുകൾ ഇരുട്ട് മൂടിയപ്പോൾ ഞാൻ കൂടെയുണ്ടായിരുന്നു. എന്റെ പാറ്റി തുപ്പൽ കൊണ്ടാണത് മാറിയത്." (അൽ ഫുയൂളാ തുർറബ്ബാ നിയ്യ/പേജ് 60,61). എന്തൊരു കള്ളമാണിത്! അല്ലാഹുവിന്റെ കഴിവിനെ അവമതിക്കലും മഹാന്മാരുടെ പേരിൽ കള്ളം പ്രചരിപ്പിക്കലുമല്ലേ ഇത്?

അല്ലാഹു പറയുന്നു: ''അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും'' (ക്വുർആൻ 7:180).

'കൃത്രിമം കാണിക്കുക' എന്നാൽ പങ്കുചേർക്കലും കളവാക്കലുമാണെന്ന് ഇബ്‌നു അബ്ബാസ്(റ), ഖത്താദ(റ) എന്നിവർ ഈ ആയത്തിന്റെ വിശദീകരണത്തിൽ പറഞ്ഞിട്ടുണ്ട്.

സിഹ്‌റ്, പിശാച് ബാധ, വിഷബാധ, മനുഷ്യന്

പേടിയുണ്ടാക്കുന്ന കള്ളന്മാർ, വന്യമൃഗങ്ങൾ, തേൾ തുടങ്ങിയവയുടെ പ്രയാസങ്ങളിൽനിന്ന് രക്ഷ കിട്ടാൻ നബി(സ), അലി(റ), ഫാത്വിമ(റ), ഹസൻ(റ), ഹുസൈൻ(റ), സ്വാദിഖ്, ബാഖിർ, കാളിം, രിളാ, സജാദ്, ജവാദ്, ഹാദി, ഹസ്കരി എന്നിവരുടെ പേരുകളിൽ പ്രത്യേകം 'രക്ഷാകവചകങ്ങൾ' ശിയാക്കൾ ചൊല്ലിപ്പിക്കുകയും എഴുതി കെട്ടിത്തൂക്കുകയും ചെയ്യുന്നു. പിന്നെ എന്തൊക്കെയോ നാമങ്ങളും ചൊല്ലുന്നു.

മജ്‌ലിസിയുടെ ബിഹാറുൽ അൻവാറിൽനിന്ന് ഒരു ഉദാഹരണം കാണിക്കാം: ''ഐ കനൂശ് ഐ കനൂശ് ഇർശിഷ് അതനൈത്വനൈതിഹ് യാ മുതതൈ്വറൂൻ ഫറിയാൽ സിനൂൻ മാ വമാ സാമാസൂയാ ത്വയ്ത്തശാ ലൂഷ് ഗൈതൂഷ് മുഷ്ഷകീശ് സ്വയ്ഗീന്യൂഷ് ലിയത്ഫൈത്കിഷ്.''

ഇവരെ പിൻപറ്റി സമസ്തക്കാർ പടച്ചുണ്ടാക്കിയ ചൂഷണ മന്ത്രങ്ങൾ രസകരമാണ്: ''സിഹ്ർ ഏശാതിരിക്കാൻ 'ബിഹാമീം ഐനിൻ സുമ്മ സീനിൻ വഹാഫിഹാ, ഹിമായത്തിനാ മിൻഹൽ ജിബാലു തസൽസലത്ത്' - ഈ ബൈത്ത് ദിവസേന 21 വട്ടം ചൊല്ലിയാൽ അവൻ അല്ലാഹുവിന്റെ പ്രത്യേക കാവലിലായിരിക്കും. രോഗമോ ആപത്തോ സിഹ്റോ ഏശുകയില്ല. നിലവിലുള്ളത് നീങ്ങും'' (ആത്മീയ ഒറ്റമൂലികൾ/ടി.എ ഉസ്മാൻ സഖാഫി/പേജ് 18,19).

''ശത്രുവിനോട് ജയിക്കാൻ വാസ്മിം വാപ്കിം സുമ്മ അഹ്മി അദൂവ്വനാ, വഖ്രിസ്ഹു യാദൽജലാലി ബിഹൗസമത്ത്' ഈ ബൈത്ത് ദിനേന 40 വട്ടം ചൊല്ലുക. ഓരോ വട്ടം ചൊല്ലുമ്പോഴും അല്ലാഹു അവന്റെ ഓരോ കെട്ട് അഴിച്ച് വിടും. അതോടൊപ്പം അവന്റെ ശത്രുക്കളുടെ നാവിന് ഓരോ കെട്ടിടുകയും ചെയ്യും. അവനെതിരെ ശത്രുക്കൾക്ക് യാതൊന്നും പറയാൻ കഴിയില്ല. ആർക്കും അവനെ ദ്രോഹിക്കാനോ കീഴടക്കാനോ ആവില്ല. അവൻ ജേതാവും നേതാവുമാകും'' (അതേ പുസ്തകം, പേജ് 22,23).

''ദുരിതമകലാൻ 'ബിനൂരി ജലാലിൻ ബാസിഖിവ ശറൻത്വഗി,ബി ഖുദ്ദൂസിൻ ബറക്കൂത്തിൻ ബിഹിന്നാറു ഇഖ്മതത്ത്.' ഇബ്രാഹിം നബി(അ)നെ അഗ്നികുണ്ഡത്തിൽനിന്ന് രക്ഷിക്കാൻ മലക്കുകൾ പ്രയോഗിച്ച ഇസ്മുകൾ ഇതിലുണ്ട്. ഈ ബൈത്ത് ആവർത്തിച്ച് ചൊല്ലുന്നതും ഒരുദിനം ഒരുവട്ടമെങ്കിലും ചൊല്ലുന്നതും ദുരിതമകലാൻ കാരണമാണ്'' (അതേ പുസ്തകം, പേജ് 29).

ഈ വിചിത്രമായ 'ഒറ്റമൂലികൾക്ക്' പുറമെ കളങ്ങൾ, രാശികൾ, മുഹൂർത്തങ്ങൾ, തൗഖീലുകൾ, ബുർജുകൾ, ബുഖൂർ (ചന്ദനം, കുങ്കുമം, മുഷതക്ക, മണിക്കുന്തിരിക്കം), മൻസിലകൾ (മീനം, കുംഭം, മകരം, ധനു, മേടം, വൃശ്ചികം, എടവം, തുലാം, മിഥുനം), ഖമറിന്റെ മനാസിലുകൾ, അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം, പൂരം, ഉത്രം, അത്തം, ചിത്തിര, ചോതി, വിശാഖം, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, പുരുരുട്ടാതി, ഉത്രട്ടാതി, രേവതി, സംക്രമം എന്നീ രസായനങ്ങൾ ചേർത്ത് മുസ്‌ലിയാക്കന്മാർ ഇറക്കിയ 'അൽ ഹുസ്ബാൻ,' 'സിർറുൽ അജീബ്' എന്നിവ 'വിപണിയി'ൽ ലഭ്യമാണ്.

''മുരീദേ, നമ്മുടെ കരാർ നീ പാലിക്കുവിൻ. പരലോകത്ത് മീസാനിനടുത്ത് ഞാൻ സന്നിഹിതനാകാം. മുഹമ്മദ് നബി(സ)യുടെ പ്രകാശത്തോടൊപ്പം ഉന്നതിയിലും കാബ കൗസൈനിയിലും ഞാൻ ഉണ്ടായിരുന്നു. വെള്ളപ്പൊക്കത്തിൽ ജനങ്ങൾക്കിടയിൽ നൂഹിന്റെ കൂടെ എന്റെ കഴിവ് കൊണ്ട് ഞാനുണ്ടായിരുന്നു. ഇബ്‌റാഹീം നബി തീയിലേക്ക് എറിയപ്പെട്ടപ്പോൾ ഞാൻ കൂടെയുണ്ടായിരുന്നു. എന്റെ പ്രാർഥന മുഖേനയാണ് അഗ്നി തണുത്തത്. അറുക്കാൻ കൽപിക്കപ്പെട്ട ഇസ്മാഈൽ(അ)യോടൊപ്പവും ഞാൻ ഉണ്ടായിരുന്നു. എന്റെ മികവിനാലാണ് ആട് ഇറങ്ങിയത്. യഅ്ഖൂബിന്റെ കണ്ണുകൾ ഇരുട്ട് മൂടിയപ്പോൾ ഞാൻ കൂടെയുണ്ടായിരുന്നു. എന്റെ പാറ്റി തുപ്പൽകൊണ്ടാണത് മാറിയത്''
(മൻഖൂസ് മൗലിദ് പരിഭാഷ വ്യാഖ്യാനം/ പേജ് 60, 61).
എന്തൊരു കള്ളമാണിത്! അല്ലാഹുവിന്റെ കഴിവിനെ അവമതിക്കലും മഹാന്മാരുടെ പേരിൽ കള്ളം പ്രചരിപ്പിക്കലുമല്ലേ ഇത്?

ആലോചിക്കുക, വഹ്‌യിലൂടെ പഠിപ്പിക്കപ്പെട്ട പ്രാർഥനകളിലും ദിക്റുകളിലുമല്ല ഇവർക്ക് വിശ്വാസം. ഇസ്‌ലാം പഠിപ്പിക്കുന്ന പ്രാർഥനകളെ അവഗണിക്കുന്ന ഇവർ ഉപചാരപൂർവം നടത്തുന്ന ഈ തോന്ന്യാസം എത്ര ഗുരുതരമാണ്!

അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ അനുഗ്രഹത്തിന് (നന്ദികാണിക്കേണ്ടതിനു) പകരം നന്ദികേട് കാണിക്കുകയും തങ്ങളുടെ ജനതയെ നാശത്തിന്റെ ഭവനത്തിൽ ഇറക്കിക്കളയുകയും ചെയ്ത ഒരു വിഭാഗത്തെ നീ കണ്ടില്ലേ? അഥവാ നരകത്തിൽ. അതിൽ അവർ എരിയുന്നതാണ്. അത് എത്ര മോശമായ താമസസ്ഥലം! അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന് ചില സമൻമാരെ ഉണ്ടാക്കിവച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ചുകൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്'' (ക്വുർആൻ 14:28-30).



# മഹാവിപത്തിനെതിരെ കൈകോർക്കാം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525

ബാബു എന്നാണ് അവന്റെ പേര്. നാട്ടുകാർക്കൊക്കെ പ്രിയപ്പെട്ടവൻ. ഏതു കാര്യത്തിനും സഹായത്തിനായി ഓടിയെത്തുന്നവൻ. ബാബുവിന്റെ കല്യാണം അയൽപക്കക്കാർ ഒന്നിച്ച് സന്തോഷത്തോടെയാണ് നടത്തിയത്.

ബാബുവിന്റെ ഭാര്യ എത്ര സന്തോഷവതിയായിരിക്കും! ചുറ്റുവട്ടത്തുള്ള പെണ്ണുങ്ങൾ അടക്കം പറഞ്ഞു. പണം കുറവാണെങ്കിലും പരോപകാരിയും, നല്ലവനുമായ ആ ചെറുപ്പക്കാരനെ കണ്ടുപഠിക്കാൻ ഉമ്മമാർ തങ്ങളുടെ മക്കളെ ഉപദേശിച്ചുകൊണ്ടിരുന്നു.

വളരെ പെട്ടെന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. കൂലിപ്പണി കഴിഞ്ഞ് നേരത്തെ വീട്ടിലെത്തിയിരുന്ന ബാബു ദിനംതോറും വൈകി വീട്ടിലെത്താൻ തുടങ്ങി. അവന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും ചില മാറ്റങ്ങൾ പ്രകടമായി. രൂക്ഷമായ മദ്യത്തിന്റെ ഗന്ധം അവന്റെ ഭാര്യയിൽ അമ്പരപ്പുണ്ടാക്കി!

വേണ്ടതിനും വേണ്ടാത്തതിനും ആ പെൺകുട്ടിയെ അവൻ ക്രൂരമായി ഉപദ്രവിച്ചു. എന്നും രാവിലെ ജോലിക്ക് പോയിരുന്ന അവൻ മിക്കപ്പോഴും രാത്രി കുടിച്ച കള്ളിന്റെ കെട്ടിൽ പകലിലും കിടന്നുറങ്ങി. ദൈവവിശ്വാസത്തിൽ നിന്നും മതകാര്യങ്ങളിൽനിന്നും പൂർണമായി അകന്നു. അയൽവാസികൾ മൂക്കത്ത് വിരൽ വെച്ചു. എങ്ങിനെയിരുന്ന കുട്ടിയാണ്! എന്തുപറ്റി ഇവന്?

ബാബു കൂടുതൽ കൂടുതൽ വഷളായിക്കൊണ്ടിരുന്നു. ഭാര്യ വീട്ടുകാർ അവനെ ഡിഅഡിക്ഷൻ സെന്ററിൽ കൊണ്ടുപോയി പ്രശ്നം പരിഹരിക്കാനൊരു ശ്രമം നടത്തി. കക്ഷി സഹകരിക്കാത്തതിനാൽ വിജയിച്ചില്ല. ഒടുവിൽ ബാബുവിന്റെ ഭാര്യയെയും കുഞ്ഞിനെയും വീട്ടുകാർ കൂട്ടിക്കൊണ്ടുപോയി. കൂടുതൽ കൂടുതൽ മദ്യത്തിലേക്കാണ്ട ബാബു എല്ലാവരുടെയും മുന്നിൽ ഒരു സങ്കടമായി തുടരുന്നു.

ഇങ്ങനെ എത്രയെത്രയാളുകൾ നമുക്ക് ചുറ്റുമുണ്ട്! മദ്യം മനുഷ്യനെ മൃഗമാക്കുമെന്ന്; അല്ല അതിനെക്കാൾ അധമനാക്കുമെന്ന് അറിയാത്തവരായി ആരെങ്കിലുമുണ്ടോ? മനുഷ്യന്റെയുള്ളിലെ സകല നൻമകൾക്കും കോടാലി വെക്കുന്ന, സകല തിൻമകൾക്കും തിരികൊളുത്തുന്ന വിഷം! മുഹമ്മദ് നബി(സ്വ) പറഞ്ഞതെത്ര ശരിയാണ്: 'മദ്യം തിൻമകളുടെ മാതാവാണ്.'

നമുക്കു മുമ്പിൽ കണക്കുകളുടെയോ, റിപ്പോർട്ടുകളുടേയോ കുറവൊന്നുമില്ല. കോവിഡ് 19 എന്ന ഈ നൂറ്റാണ്ടിലെ മഹാമാരി കാരണം ഇതുവരെ മരണപ്പെട്ടത് ലക്ഷക്കണക്കിന് മനുഷ്യരാണ്. എന്നാൽ ഓരോ വർഷവും മദ്യവുമായി ബന്ധപ്പെട്ടുണ്ടാകുന്ന മരണത്തിന്റെ തോത് മുപ്പത് ലക്ഷമാണെന്നത് എന്തുകൊണ്ട് നമ്മെ ചിന്തിപ്പിക്കുന്നില്ല? ഇതിനു പുറമെ, ശാരീരിക രോഗങ്ങൾ, വിഷാദം, കുടുംബ കലഹം, വിവാഹ മോചനം, കൊലപാതകം, വാഹനാപകടം, കുട്ടികളിലെ മാനസിക പ്രശ്നം, സ്ത്രീകൾക്കിടയിലെ അരക്ഷിതാവസ്ഥ... ഇങ്ങനെ എന്തെല്ലാം പ്രശ്നങ്ങൾക്ക് കാരണമാകുന്ന വില്ലനാണ് മദ്യം!

ഇന്ത്യയിലെ ആളോഹരി മദ്യ ഉപഭോഗം 5.7 ലിറ്ററാണെങ്കിൽ കേരളത്തിന്റേത് ദേശീയ ശരാശരിക്കും മുകളിൽ 8 ലിറ്റർ ആണെന്ന് കണക്കുകൾ പറയുന്നു. അല്ലെങ്കിലും മലയാളിയുടെ 'കുടി' ഭുവനപ്രസിദ്ധമാണല്ലോ.

പല കാര്യങ്ങളും നമുക്കിടയിൽ ഊതി വീർപ്പിക്കപ്പെട്ടതായിരുന്നുവെന്ന് തെളിഞ്ഞ ലോക്ഡൗൺ കാലം മദ്യത്തിന്റെ കാര്യത്തിലും ഒരു പുനർവിചിന്തനത്തിന് മലയാളിയെ പ്രേരിപ്പിക്കേണ്ടതുണ്ട്. മലയാളിയുടെ കുടിശീലം നിർത്താനാവാത്തതാണോ? അല്ല, അല്ലേ?

ലോക്ഡൗൺ വേളയിലും കള്ളവാറ്റുണ്ടായിരുന്നെങ്കിലും ഈ കുടിയൻമാർക്ക് മുഴുവനൊന്നും അവ കിട്ടിയിട്ടില്ലല്ലോ? എന്നിട്ടിവിടെ എന്തൊക്കെ ക്രമസമാധാന പ്രശ്നങ്ങളുണ്ടായി? എത്ര ആത്മഹത്യകൾ നടന്നു? ആരൊക്കെ മദ്യം കിട്ടാഞ്ഞ് ലോക്ഡൗൺ ലംഘിച്ചു?

കോവിഡ് കാലത്തെ മദ്യപൻമാരുടെ കുടുംബ ജീവിതത്തിലുണ്ടായ മാറ്റം അക്കാദമികമായി പഠന വിധേയമാക്കേണ്ടിയിരിക്കുന്നു. ഈ മഹാവ്യാധിയെ പിടിച്ചുകെട്ടാനുള്ള സുവർണാവസരമാണ് മറ്റൊരു മാറാവ്യാധിക്കാലത്ത് നമ്മുടെ മുന്നിൽ കടന്നുപോകുന്നത്. പ്രാദേശികമായ കൂട്ടായ്മകൾ രൂപപ്പെടുത്തി ഒന്നിച്ചുള്ള മുന്നേറ്റങ്ങൾ അനിവാര്യമാണ്. വരുംതലമുറക്ക് വേണ്ടി, വിശ്വാസികൾ അതിന് മുന്നിൽ നിൽക്കുക. അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവരല്ലേ ബുദ്ധിമാൻമാർ?

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 49

# അൽഹുജുറാത്ത് (അറകൾ)

قُلْ أَتُعَلِّمُونَ ٱللَّهَ بِدِينِكُمْ وَٱللَّهُ يَعْلَمُ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۚ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿١٦﴾

يَمُنُّونَ عَلَيْكَ أَنْ أَسْلَمُوا۟ ۖ قُل لَّا تَمُنُّوا۟ عَلَىَّ إِسْلَـٰمَكُم ۖ بَلِ ٱللَّهُ يَمُنُّ عَلَيْكُمْ أَنْ هَدَىٰكُمْ لِلْإِيمَـٰنِ إِن كُنتُمْ صَـٰدِقِينَ ﴿١٧﴾

إِنَّ ٱللَّهَ يَعْلَمُ غَيْبَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَٱللَّهُ بَصِيرٌۢ بِمَا تَعْمَلُونَ ﴿١٨﴾

16. നീ പറയുക: നിങ്ങളുടെ മതത്തെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു ഏതു കാര്യത്തെ പറ്റിയും അറിയുന്നവനാകുന്നു.

17. അവർ ഇസ്‌ലാംമതം സ്വീകരിച്ചു എന്നത് അവർ നിന്നോട് കാണിച്ച ദാക്ഷിണ്യമായി അവർ എടുത്തുപറയുന്നു. നീ പറയുക: നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചതിനെ എന്നോട് കാണിച്ച ദാക്ഷിണ്യമായി എടുത്തുപറയരുത്. പ്രത്യുത, സത്യവിശ്വാസത്തിലേക്ക് നിങ്ങൾക്ക് മാർഗദർശനം നൽകി എന്നത് അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതാകുന്നു. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (ഇത് നിങ്ങൾ അംഗീകരിക്കുക).

18. തീർച്ചയായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യം അറിയുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു അല്ലാഹു.

**16.** (പറയുക, നിങ്ങളുടെ മതത്തെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ? അല്ലാഹുവാകട്ടെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അറിയുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിയുവന്നവനാകുന്നു). ഇതിൽ എല്ലാ കാര്യങ്ങളും ഉൾപ്പെടും. ഹൃദയത്തിലുള്ള വിശ്വാസം, അവിശ്വാസം, പുണ്യം, പാപം തുടങ്ങിയതെല്ലാം. തീർച്ചയായും അല്ലാഹു അതെല്ലാം അറിയും. അതിന് നന്മയാണെങ്കിൽ നന്മയും തിന്മയാണെങ്കിൽ തിന്മയും പ്രതിഫലം നൽകും.

**17.** ഇതെല്ലാംതന്നെ തനിക്ക് വിശ്വാസമുണ്ടെന്ന് വാദിക്കുകയും എന്നാൽ അതില്ലാതിരിക്കുകയും ചെയ്യുന്നവനെക്കുറിച്ചാണ്. ഒരുപക്ഷേ, അവൻ അല്ലാഹുവിനെ പഠിപ്പിക്കുകയായിരിക്കും. തീർച്ചയായും അവനറിയാം എല്ലാം അല്ലാഹു അറിയുമെന്ന്. അല്ലെങ്കിൽ അവരുടെ ഉദ്ദേശ്യം അവർ വിശ്വസിച്ചത് കാര്യമായി പ്രവാചകനോട് കാണിച്ച ഒരു ഔദാര്യമായിട്ടായിരിക്കാം. അവർ ചെലവഴിച്ചതും പുണ്യം നൽകിയതുമെല്ലാം അവരുടെ നന്മകളും

(ആയിട്ട്). എന്നാൽ ഇത് ഭൗതിക കാര്യലാഭത്തിന് വേണ്ടിയാണ്. ഇത് ചെയ്യാൻ പാടില്ലാത്ത ഒരു നാട്യമാണ്. പ്രവാചകനോട് കാണിക്കുന്ന അനർഹമായ അഹങ്കാരമാണ്. അവരുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹമാണത്. അവർക്ക് പ്രത്യക്ഷവും പരോക്ഷവുമായ സുഖങ്ങളും ഉപജീവനവും സൃഷ്ടിപ്പും അനുഗ്രഹമായി നൽകിയത് പോലെ ത്തന്നെ. എല്ലാറ്റിനെക്കാളും വലിയ അനുഗ്രഹം അവൻ അവർക്ക് നൽകിയത് ഇസ്‌ലാമിലേക്ക് അവരെ വഴികാണിച്ചതാണ്. (അവർ ഇസ്‌ലാം മതം സ്വീകരിച്ചു എന്നത് അവർ നിന്നോട് കാണിച്ച ദാക്ഷിണ്യമായി എടുത്ത് പറയുന്നു. നീ പറയുക, നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചതിനെ എന്നോട് കാണിച്ച ദാക്ഷിണ്യമായി എടുത്തുപറയരുത്. പ്രത്യുത, സത്യവിശ്വാസത്തിലേക്ക് നിങ്ങൾക്ക് മാർഗദർശനം നൽകി എന്നത് അല്ലാഹു നിങ്ങളോട് ദാക്ഷിണ്യം കാണിക്കുന്നതാകുന്നു. നിങ്ങൾ സത്യവാന്മാരാണെങ്കിൽ).

**18.** (തീർച്ചയായും അല്ലാഹു ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യം അറിയുന്നു). അവ രണ്ടിലും അവ്യക്തമായ കാര്യങ്ങൾ, സൃഷ്ടികൾക്ക് വ്യക്തതയില്ലാത്തത്. കടലിലെ തിരമാലകൾ, വിജനമായ വിശാല സ്ഥലങ്ങൾ, രാത്രി മറയ്ക്കുന്നത്, പകലിൽ മൂടിക്കളയുന്നത്, മഴത്തുള്ളികളുടെ എണ്ണം, മണൽത്തരികൾ, ഹൃദയങ്ങൾ മറച്ചുവെക്കുന്നത്, നിഗൂഢകാര്യങ്ങൾ...

وَمَا تَسۡقُطُ مِن وَرَقَةٍ إِلَّا يَعۡلَمُهَا

‘‘അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല’’(6:59).

(നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു അല്ലാഹു) നിങ്ങളുടെ പ്രവർത്തനങ്ങളെ അവൻ കണക്കാക്കുകയും അതിന് പൂർണമായ പ്രതിഫലം നൽകുകയും ചെയ്യുന്നു. അവന്റെ സമ്പൂർണമായ യുക്തിയും വിശാല കാരുണ്യവും താൽപര്യപ്പെടുന്നതിനനുസരിച്ച് അതിന്നവൻ പ്രതിഫലം നൽകും.

അല്ലാഹുവിന്റെ ഔദാര്യത്താലും കാരുണ്യത്താലും സഹായത്താലും സൂറതുൽ ഹുജുറാത്തിന്റെ വ്യാഖ്യാനം പൂർത്തിയായി.

കവിത



# പ്രാർഥന

ഉസ്മാൻ പാലക്കാഴി

പാണികൾ രണ്ടും നീട്ടി
കേഴുകയാണ് ഞങ്ങൾ
പാരിതിൽ സമാധാന
ജീവിതം നൽകേണമേ.
പരലോകമിൽ സ്വർഗം
തന്നനുഗ്രഹിക്കണേ,
പരിപാലകാ നിന്നിൽ
അഭയം പ്രാപിക്കുന്നു.
കടുത്ത പരീക്ഷണ
കയത്തിൽ പെടുത്തല്ലേ,
കരുണാകടാക്ഷത്താൽ
കുളിർമ നൽകേണമേ.
സന്തതം ഈമാൻ നില-
നിർത്തുവാൻ കനിയണേ,
സങ്കട വേളയിൽ നീ
സ്ഥൈര്യമാൽ നയിക്കണേ.
സൽവഴി തടയുവാൻ
ഇബ്‌ലീസ് ശ്രമിക്കുമ്പോൾ
ശപ്തനാം അവനിൽ നി-
ന്നഭയം നകേണമേ.





# തബൂക് യുദ്ധം

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ) മദീനയിൽനിന്നും പുറത്ത് പോകുമ്പോൾ അലി(റ)യോട് തന്റെ പ്രതിനിധിയായി നിൽക്കാൻ കൽപിക്കുകയുണ്ടായി. അദ്ദേഹത്തോട് യുദ്ധത്തിന് പോരാതിരിക്കുവാനും മദീനയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും കാര്യം ശ്രദ്ധിക്കാനായി മദീനയിൽ തന്നെ നിൽക്കാനും നബി(സ്വ) പറഞ്ഞു. എന്നാൽ അലി(റ)ക്ക് അത് വിഷമമുണ്ടാക്കി. അദ്ദേഹം നബി(സ്വ)യോട് ചോദിച്ചു:

“അല്ലാഹുവിന്റെ ദൂതരേ, സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ അങ്ങ് എന്നെ പ്രതിനിധിയാക്കുകയാണോ?” അപ്പോൾ നബി(സ്വ) ചോദിച്ചു: “ഹാറൂനിന് മൂസായുടെ അടുത്തുള്ള സ്ഥാനം താങ്കൾക്ക് ഉണ്ടാകുന്നതിൽ താങ്കൾ തൃപ്തനല്ലയോ? എനിക്ക് ശേഷം നബിയില്ല എന്ന കാര്യം ഒഴികെ”(മുസ്‌ലിം).

ഇതുപോലെ അബൂഖയ്ഥമ അൽഅൻസ്വാരിയു(റ)മായി ബന്ധപ്പെട്ട ഒരു സംഭവവും നമുക്ക് കാണാം. അദ്ദേഹം പറയുന്നു:

“അല്ലാഹുവിന്റെ റസൂൽ(സ്വ) (മദീനയിൽനിന്നും തബൂകിലേക്ക്) പോകുന്നതുവരെ തബൂക് യുദ്ധത്തിൽ അല്ലാഹുവിന്റെ റസൂലി(സ്വ)ൽ നിന്നും ഞാൻ പിന്നോട്ട് മാറിനിന്നു. എന്നിട്ട് ഞാൻ തോട്ടത്തിൽ പ്രവേശിച്ചു. അപ്പോൾ ഞാൻ വെള്ളം കുടയപ്പെട്ട ഒരു പന്തൽ കാണുകയു

ണ്ടായി. ഞാൻ എന്റെ ഭാര്യയെയും അവിടെ കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: 'ഇത് എന്തൊരു ന്യായമാണ്? തീർച്ചയായും അല്ലാഹുവിന്റെ റസൂൽ(സ്വ) (ഇപ്പോൾ) അത്യുഷ്ണക്കാറ്റിലും ചൂടിലും ഞാൻ നല്ല തണലിലും അനുഗ്രഹത്തിലും ആകുകയോ?' അങ്ങനെ ഞാൻ യുദ്ധത്തിനായി എഴുന്നേൽക്കുകയും ഒട്ടകത്തിന്റെ പിന്നിൽ ചെറിയ ഈത്തപ്പഴങ്ങൾ വെച്ചുകെട്ടി പാഥേയം തയ്യാറാക്കുകയും ചെയ്തു. അപ്പോൾ എന്റെ ഭാര്യ വിളിച്ചു ചോദിച്ചു: 'ഓ, അബാ ഖയ്ഥം! എവിടേക്കാണ് അങ്ങ് പോകുന്നത്?' അങ്ങനെ ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)നെ ഉദ്ദേശിച്ച് പുറപ്പെട്ടു. അപ്പോൾ വഴിയിൽവെച്ച് എന്നെ ഉമയ്ർ കാണുകയുണ്ടായി. അപ്പോൾ ഞാൻ പറഞ്ഞു: 'തീർച്ചയായും താങ്കൾ (ഒരു കാര്യത്തിൽ) ചാടിവീഴുന്നവനാണ്. നിശ്ചയമായും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ സ്ഥിതി ഞാൻ മനസ്സിലാക്കുന്നുണ്ട്. തീർച്ചയായും ഞാൻ ഒരു പാപിയായ മനുഷ്യനാകുന്നു. അതിനാൽ താങ്കൾ പുറകോട്ട് മാറിനിൽക്കൂ. ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെയാകട്ടെ.' അങ്ങനെ ഉമയ്ർ എന്നിൽനിന്ന് പുറകോട്ട് മാറി. ഞാൻ യുദ്ധഭൂമിയിൽ എത്തിയപ്പോൾ ജനങ്ങൾ (എന്നെ) കണ്ടു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: '(അത്) അബൂഖയ്ഥമയാകട്ടെ.' അങ്ങനെ ഞാൻ ചെന്നു, എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞാൻ (ഒരു) തന്ത്രം പ്രയോഗിക്കുകയും നശിക്കുകയും ചെയ്തിരിക്കുന്നു.' എന്നിട്ട് ഞാൻ എന്റെ കാര്യം അവിടുത്തോട് പറയുകയും ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നോട് നല്ല രൂപത്തിൽ പറയുകയും എനിക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തു.''

അബൂ ഖയ്ഥമ(റ) യുദ്ധത്തിന് പുറപ്പെടാൻ കൂട്ടാക്കിയില്ല. അദ്ദേഹത്തിന് എന്തോ ഒരു അലസത. തന്റെ തോട്ടത്തിൽ പ്രവേശിച്ച അദ്ദേഹത്തിന് അവിടെ തന്റെ ഭാര്യയെയും നല്ല തണുപ്പേകുന്ന പന്തലും കണ്ടപ്പോൾ മനസ്സിൽ കുറ്റബോധമുണ്ടായി. അല്ലാഹുവിന്റെ റസൂലും സ്വഹാബിമാരും കഠിനമായ ചൂടിലും വിശപ്പിലും അല്ലാഹുവിന്റെ മാർഗത്തിൽ പുറപ്പെടുമ്പോൾ ഈ തണുപ്പിൽ ഞാൻ സുഖിക്കുകയോ? ഇത് നീതിയല്ലല്ലോ! ഉടനെത്തന്നെ അദ്ദേഹം തന്റെ വാഹനത്തിന്റെ അടുത്തേക്ക് ഓടിയടുത്തു. അവിടെ കിട്ടാവുന്ന വെള്ളവും കാരക്കയുമെല്ലാം തയ്യാർ ചെയ്തുകൊണ്ട് തബൂകിലേക്ക് കുതിച്ചു. അദ്ദേഹം അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെയും സ്വഹാബിമാരുടെയും ഒപ്പം എത്താറായി. എല്ലാവരും അദ്ദേഹം വരുന്നത് കണ്ടു. നബി(സ്വ)ക്ക് അദ്ദേഹം തന്റെ കൂടെ പുറപ്പെടാത്തതിൽ വിഷമമുണ്ടായിരുന്നു. ആ വരുന്നത് അബൂഖയ്ഥമയായിരുന്നെങ്കിൽ എന്ന് ദൂരെനിന്നും ഒരു ആൾരൂപം കണ്ടപാടെ നബി(സ്വ) പറയാൻ തുടങ്ങി. അങ്ങനെ അബൂഖയ്ഥമ(റ) നബി(സ്വ)യുടെ അടുത്തെത്തി. നബി(സ്വ)ക്ക് വലിയ സന്തോഷമായി. അദ്ദേഹത്തിന് വേണ്ടി ആ സമയത്ത് നബി(സ്വ) ദുആ ചെയ്യുകയും ചെയ്തു.

യുദ്ധത്തിന് പുറപ്പെടാൻ സാധിക്കാത്ത, വ്യക്തമായ കാരണങ്ങളുള്ള സ്വഹാബിമാർ ഉണ്ടായിരുന്നു മദീനയിൽ. അവർക്ക് പുറപ്പെടാൻ സാധിക്കാത്തതിൽ വലിയ വിഷമവും ഉണ്ടായിരുന്നു. അവർ അതിന്റെ പേരിൽ കരഞ്ഞു. അവരെ ആശ്വാസിപ്പിക്കുന്നതിനായി അല്ലാഹു വാനലോകത്തുനിന്നും വചനങ്ങൾ ഇറക്കി. അവരെ സംബന്ധിച്ചാണ് താഴെയുള്ള സൂക്തങ്ങളിലൂടെ അല്ലാഹു നമുക്ക് വിവരിച്ചുതരുന്നത്:

''ബലഹീനരുടെ മേലും, രോഗികളുടെ മേലും, ചെലവഴിക്കാൻ യാതൊന്നും കിട്ടാത്തവരുടെ മേലും, -അവർ അല്ലാഹുവോടും റസൂ

**നബി(സ്വ) മദീനയിൽ നിന്നും പുറത്ത് പോകുമ്പോൾ അലി(റ)യോട് തന്റെ പ്രതിനിധിയായി നിൽക്കാൻ കൽപിക്കുകയുണ്ടായി. അദ്ദേഹത്തോട് യുദ്ധത്തിന് പോരാതിരിക്കുവാനും മദീനയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും കാര്യം ശ്രദ്ധിക്കാനായി മദീനയിൽ തന്നെ നിൽക്കാനും നബി(സ്വ) പറഞ്ഞു. എന്നാൽ അലി(റ)ക്ക് അത് വിഷമമുണ്ടാക്കി. അദ്ദേഹം നബി(സ്വ)യോട് ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ അങ്ങ് എന്നെ പ്രതിനിധിയാക്കുകയാണോ?'' അപ്പോൾ നബി(സ്വ) ചോദിച്ചു: ''ഹാറൂനിന് മൂസായുടെ അടുത്തുള്ള സ്ഥാനം താങ്കൾക്ക് ഉണ്ടാകുന്നതിൽ താങ്കൾ തൃപ്തനല്ലയോ? എനിക്ക് ശേഷം നബിയില്ല എന്ന കാര്യം ഒഴികെ'' (മുസ്‌ലിം).**

ലിനോടും ഗുണകാംക്ഷയുള്ളവരാണെങ്കിൽ – (യുദ്ധത്തിനു പോകാത്തതിന്റെ പേരിൽ) യാതൊരു കുറ്റവുമില്ല. സദ്‌വൃത്തരായ ആളുകൾക്കെതിരിൽ (കുറ്റം ചുമത്താൻ) യാതൊരു മാർഗവുമില്ല. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. മറ്റൊരു വിഭാഗത്തിന്റെ മേലും കുറ്റമില്ല. (യുദ്ധത്തിനു പോകാൻ) നീ അവർക്കു വാഹനം നൽകുന്നതിനു വേണ്ടി അവർ നിന്റെ അടുത്ത് വന്നപ്പോൾ നീ പറഞ്ഞു: 'നിങ്ങൾക്ക് നൽകാൻ യാതൊരു വാഹനവും ഞാൻ കണ്ടെത്തുന്നില്ല.' അങ്ങനെ (യുദ്ധത്തിനു വേണ്ടി) ചെലവഴിക്കാൻ യാതൊന്നും കണ്ടെത്താത്തതിന്റെ പേരിലുള്ള ദുഃഖത്താൽ കണ്ണുനീർ ഒഴുക്കിക്കൊണ്ട് അവർ തിരിച്ചുപോയി (അങ്ങനെയുള്ള ഒരു വിഭാഗത്തിന്റെ മേൽ). ഐശ്വര്യമുള്ളവരായിരിക്കെ (ഒഴിഞ്ഞുനിൽക്കാൻ) നിന്നോട് സമ്മതം തേടുകയും ഒഴിഞ്ഞിരിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിൽ ആയിരിക്കുന്നതിൽ തൃപ്തിയടയുകയും ചെയ്ത വിഭാഗത്തിനെതിരിൽ മാത്രമാണ് (കുറ്റമാരോപിക്കാൻ) മാർഗമുള്ളത്. അവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്ര വെക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ (കാര്യം) മനസ്സിലാക്കുന്നതല്ല'' (ക്വുർആൻ 9:91-93).

ദുർബലർക്കോ, യുദ്ധത്തിന് പുറപ്പെടാനോ അതിൽ പങ്കെടുക്കാനോ സാധിക്കാത്ത രോഗികൾക്കോ, യുദ്ധത്തിന് പുറപ്പെടാനുള്ള വാഹനം തയ്യാർ ചെയ്യുന്നതിനും അതിനു വേണ്ട ഭക്ഷണ സാമഗ്രികൾ ഒരുക്കുന്നതിനും ചെലവഴിക്കാൻ മാർഗമില്ലാത്തവർക്കോ കുറ്റമില്ല. കാരണം, അവർക്ക് അല്ലാഹുവിനോടും അവന്റെ ദൂതനോടും തികഞ്ഞ ഗുണകാംക്ഷയുള്ളവരാണ്. യുദ്ധത്തിന് പുറപ്പെടാൻ ആഗ്രഹവും താൽപര്യവും ഉള്ളവരാണ്. അവരിൽ കാലിന് മുടന്തുള്ളവരുണ്ട്. കാഴ്ചക്ക് കുഴപ്പമുള്ളവരുണ്ട്. ആരോഗ്യമില്ലാത്തവരുണ്ട്. മറ്റു പല രോഗവും ബാധിച്ചവരുണ്ട്. ന്യായമായ കാരണങ്ങളാണ് ഈ സ്വഹാബിമാരെ തബൂകിലേക്ക് പുറപ്പെടുന്നതിൽനിന്ന് തടഞ്ഞിരിക്കുന്നത്. അവരെ ആശ്വസിപ്പിച്ചുകൊണ്ടാണ് അല്ലാഹു ഈ സൂക്തങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

മുകളിൽ പറഞ്ഞ കാരണങ്ങളുള്ളവർ യുദ്ധത്തിന് പുറപ്പെടാൻ സാധിക്കാത്ത അവസ്ഥയിൽ അവരെ ആശ്വസിപ്പിച്ച് അല്ലാഹു വചനം ഇറക്കിയപ്പോൾ മറ്റൊരു കൂട്ടർ നബി(സ്വ)യെ സമീപിക്കുന്നു. അവർ നബി(സ്വ)നോട് പറയുന്നു: നബിയേ, ഞങ്ങൾക്ക് വാഹനമില്ല. നിങ്ങളുടെ വാഹനങ്ങളിൽ ഞങ്ങളെയും കൊണ്ടുപോകണം. എന്നാൽ നബി(സ്വ)യുടെ അടുക്കൽ വാഹനം പരിമിതമായിരുന്നു. അപ്പോൾ അവർക്ക് യുദ്ധത്തിന് പുറപ്പെടാനുള്ള അവസരം നഷ്ടമായി. അതിനാൽ അവർ ദുഃഖിതരായി. അവരുടെ കണ്ണുകൾ നിറഞ്ഞു. അവർക്കും അല്ലാഹു ഇളവ് നൽകി. നബി(സ്വ)യോട് അവർക്ക് ഇളവുനൽകാനും അവർ യുദ്ധത്തിന് പുറപ്പെടാത്തതിന്റെ പേരിൽ അവരുടെമേൽ യാതൊരു നടപടിയും ഇല്ല എന്ന് അറിയിക്കുവാനും അല്ലാഹു കൽപിച്ചു. അല്ലാഹുവിന്റെ മാർഗത്തിൽ പുറപ്പെടാൻ ഒരു മാർഗവും തങ്ങൾക്ക് ഇല്ലല്ലോ എന്ന വിഷമത്താൽ സങ്കടപ്പെട്ട് കരഞ്ഞ ആ മഹാന്മാർ ചരിത്രത്തിൽ 'അല്ലാഹുവിന്റെ മാർഗത്തിൽ നന്നായി കരയുന്നവർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. എന്നാൽ അല്ലാഹുവിന്റെ ആക്ഷേപത്തിനും നടപടിക്കും ഇരയാകുന്നവർ; യുദ്ധത്തിന് പോകാൻ ശാരീരികമായും സാമ്പത്തികമായുമെല്ലാം യാതൊരു തടസ്സവും ഇല്ലാത്തവരാകുന്നു. ഹൃദയത്തിന് രോഗമുള്ളവരാകുന്നു അവർ. അതിനാൽ യുദ്ധത്തിന് പോകാതെ, വീട്ടിൽ കഴിച്ചുകൂട്ടുന്ന പെണ്ണു

**ദുർബലർക്കോ, യുദ്ധത്തിന് പുറപ്പെടാനോ അതിൽ പങ്കെടുക്കാനോ സാധിക്കാത്ത രോഗികൾക്കോ, യുദ്ധത്തിന് പുറപ്പെടാനുള്ള വാഹനം തയ്യാർ ചെയ്യുന്നതിനും അതിനു വേണ്ട ഭക്ഷണ സാമഗ്രികൾ ഒരുക്കുന്നതിനും ചെലവഴിക്കാൻ മാർഗമില്ലാത്തവർക്കോ കുറ്റമില്ല. കാരണം, അവർക്ക് അല്ലാഹുവിനോടും അവന്റെ ദൂതനോടും തികഞ്ഞ ഗുണകാംക്ഷയുള്ളവരാണ്. യുദ്ധത്തിന് പുറപ്പെടാൻ ആഗ്രഹവും താൽപര്യവും ഉള്ളവരാണ്. അവരിൽ കാലിന് മുടന്തുള്ളവരുണ്ട്. കാഴ്ചക്ക് കുഴപ്പമുള്ളവരുണ്ട്. ആരോഗ്യമില്ലാത്തവരുണ്ട്. മറ്റു പല രോഗവും ബാധിച്ചവരുണ്ട്. ന്യായമായ കാരണങ്ങളാണ് ഈ സ്വഹാബിമാരെ തബൂകിലേക്ക് പുറപ്പെടുന്നതിൽനിന്ന് തടഞ്ഞിരിക്കുന്നത്.**



ങ്ങളുടെ കൂടെ ചടഞ്ഞിരിക്കാനാണ് അവർ താൽപര്യം കാണിക്കുന്നത്. അവരുടെ ഹൃദയത്തിലേക്ക് ഈമാൻ വേണ്ട രൂപത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ അവർ അത്ര മുഖവിലക്ക് എടുക്കുന്നവരാകില്ല. അതിനാൽ അവർ പല കാരണങ്ങളും പറഞ്ഞ് ഒഴികഴിവ് തേടുന്നവരാണ്.

യുദ്ധത്തിന് പോകാൻ സാധിക്കാതെ മദീനയിൽ കരഞ്ഞിരുന്ന സ്വഹാബിമാരെ പറ്റി നാം സൂചിപ്പിച്ചുവല്ലോ. യുദ്ധം കഴിഞ്ഞ് മദീനയിലേക്ക് മടങ്ങവെ മദീനയിൽ കരഞ്ഞിരിക്കുന്ന ആ മഹാന്മാരെ പറ്റി നബി(സ്വ) തന്റെ കൂടെയുള്ളവരോട് പറഞ്ഞത് നമുക്ക് ഹദീഥുകളിൽ കാണാം.

അനസുബ്നു മാലികി(റ)ൽനിന്ന് നിവേദനം: ''തബൂക് യുദ്ധത്തിൽനിന്ന് അല്ലാഹുവിന്റെ റസൂൽ(സ്വ) മടങ്ങി. അങ്ങനെ ഞങ്ങൾ മദീനയോട് അടുത്തെത്തി. അപ്പോൾ അവിടുന്ന് പറഞ്ഞു: 'തീർച്ചയായും മദീനയിൽ കുറച്ചാളുകളുണ്ട്; അവർ നിങ്ങളുടെ കൂടെ ഉണ്ടായിട്ടല്ലാതെ നിങ്ങൾ ഒരു യാത്രയും ചെയ്യുകയോ, ഒരു താഴ്‌വരയും മുറിച്ചുകടക്കുകയോ ചെയ്തിട്ടില്ല.' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, മദീനയിൽ ഉള്ള അവർ ആരാണ്?' അവിടുന്ന് പറഞ്ഞു: 'അവർ മദീനയിലാണ്, അവരെ ചില കാരണങ്ങൾ (നമ്മുടെ കൂടെ പുറപ്പെടുന്നതിനെ) തടഞ്ഞിരിക്കുന്നു'' (ബുഖാരി).

അവർക്ക് നബി(സ്വ)യുടെ കൂടെ പുറപ്പെടാൻ അതിയായ താൽപര്യമുണ്ടായിരുന്നു. അതിനാൽ അവർ യുദ്ധത്തിന് പുറപ്പെട്ട സ്വഹാബിമാരുടെ സ്ഥാനത്ത് തന്നെയാണ് ഉള്ളത് എന്നതാണ് നബി(സ്വ)യുടെ ഈ വിശദീകരണം നമുക്ക് പറഞ്ഞുതരുന്നത്.

തബൂകിലേക്ക് നബി(സ്വ) പുറപ്പെട്ടത് 30000 സൈനികരുള്ള വൻ സൈന്യവുമായിട്ടാണ്. ഇത്രയും വലിയ സൈന്യത്തിനിടയിൽനിന്ന് ആരെങ്കിലും ചുളുവിൽ പിൻവലിഞ്ഞാൽ അത് നബി(സ്വ)ക്ക് മനസ്സിലാകില്ലെന്ന് കപടവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ രഹസ്യമായി പ്രചരിപ്പിക്കാൻ തുടങ്ങി. അങ്ങനെ പലരെയും അയാൾ തന്റെ വരുതിയിലാക്കി. എന്നാൽ നബി(സ്വ) തന്റെ കൂടെയുണ്ടായിരുന്ന മുഴുവൻ ആളുകളെയും മനസ്സിലാക്കിയി

**അനസുബ്നു മാലികി(റ)ൽനിന്ന് നിവേദനം: ''തബൂക് യുദ്ധത്തിൽനിന്ന് അല്ലാഹുവിന്റെ റസൂൽ(സ്വ) മടങ്ങി. അങ്ങനെ ഞങ്ങൾ മദീനയോട് അടുത്തെത്തി. അപ്പോൾ അവിടുന്ന് പറഞ്ഞു: 'തീർച്ചയായും മദീനയിൽ കുറച്ചാളുകളുണ്ട്; അവർ നിങ്ങളുടെ കൂടെ ഉണ്ടായിട്ടല്ലാതെ നിങ്ങൾ ഒരു യാത്രയും ചെയ്യുകയോ, ഒരു താഴ്‌വരയും മുറിച്ചു കടക്കുകയോ ചെയ്തിട്ടില്ല.' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, മദീനയിൽ ഉള്ള അവർ ആരാണ്?' അവിടുന്ന് പറഞ്ഞു: 'അവർ മദീനയിലാണ്, അവരെ ചില കാരണങ്ങൾ (നമ്മുടെ കൂടെ പുറപ്പെടുന്നതിനെ) തടഞ്ഞിരിക്കുന്നു''**



ട്ടുണ്ടായിരുന്നു. അബ്ദുല്ലയുടെ വർത്തമാനത്തിൽ വഞ്ചിക്കപ്പെട്ട നിഷ്കളങ്കരായ മൂന്ന് സ്വഹാബിമാരും ഉണ്ടായിരുന്നു. അവർ തബൂകിലേക്ക് പുറപ്പെടുന്നതിൽനിന്നും പിൻമാറി. അവർ പിൻമാറിയതിനു പിന്നിൽ എന്തെങ്കിലും ദുഷ്ടലാക്ക് ഉണ്ടായിരുന്നില്ല. എന്നിരുന്നാലും അല്ലാഹു അവരുടെ കാര്യത്തിൽ ചില തീരുമാനങ്ങൾ അറിയിച്ചു. നബി(സ്വ)യും അവരുടെ കാര്യത്തിൽ ചില സമീപനങ്ങൾ സ്വീകരിച്ചു. (അവരെക്കുറിച്ചുള്ള കാര്യങ്ങൾ തുടർന്ന് വരുന്നുണ്ട്).

തബൂകിലേക്കുള്ള യാത്രക്കിടയിൽ ചില സംഭവങ്ങൾ ഉണ്ടായി. യാത്രക്കിടയിൽ അവർക്ക് പ്രവേശിക്കാനുണ്ടായിരുന്ന ഒരു സ്ഥലമായിരുന്നു ഹിജ്ർ. ഥമൂദ് ഗോത്രം നശിപ്പിക്കപ്പെട്ട സ്ഥലമാണ് അത്; അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയ പ്രദേശം. തബൂകിലേക്കുള്ള വഴിമധ്യെയാണ് ആ സ്ഥലം സ്ഥിതിചെയ്യുന്നത്. അന്ന് ആ പ്രദേശത്ത് ഥമൂദുകാർ ഉണ്ടാക്കിയ വീടുകളുടെയും മറ്റും അവശേഷിപ്പുകൾ അവിടെ ഉണ്ടായിരുന്നു. ഥമൂദുകാർ നശിപ്പിക്കപ്പെടാനുണ്ടായ കാരണങ്ങളും അവർ നശിപ്പിക്കപ്പെട്ട രൂപവും നാം സ്വാലിഹ് നബി(അ)യുടെ ചരിത്രത്തിൽ വിവരിച്ചിട്ടുള്ളതിനാൽ അത് ഇവിടെ ആവർത്തിക്കുന്നില്ല. ഹിജ്ർ പ്രദേശത്തെ മുറിച്ചുകടക്കുന്ന വേളയിൽ സ്വഹാബിമാർ അവിടെ വിശ്രമിക്കുവാനും അവിടത്തെ കിണറ്റിൽനിന്ന് വെള്ളം എടുത്ത് കുടിക്കാനും അതുകൊണ്ട് മാവ് കുഴക്കാനും ഒരുങ്ങി. ഈ സന്ദർഭത്തിൽ നബി(സ്വ) സ്വഹാബിമാരോട് ചില കാര്യങ്ങൾ നിർദേശിച്ചു.

നാഫിഇ(റ)ൽനിന്ന് നിവേദനം: ''അബ്ദുല്ലാഹിബ്നു ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: 'ജനങ്ങൾ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെ ഥമൂദുകാരുടെ സ്ഥലമായ ഹിജ്റിൽ ഇറങ്ങി. അങ്ങനെ അതിലെ കിണറ്റിൽനിന്ന് അവർ വെള്ളം കുടിച്ചു. (അതിലെ) വെള്ളംകൊണ്ട് മാവ് കുഴക്കുകയും ചെയ്തു. അപ്പോൾ അവരോട് അല്ലാഹുവിന്റെ റസൂൽ(സ്വ) അവിടത്തെ കിണറ്റിലെ വെള്ളം ഒഴുക്കിക്കളയുവാനും (കുഴച്ച) മാവ് ഒട്ടകങ്ങളെ തീറ്റിക്കുവാനും കൽപിച്ചു. (അതുപോലെ) ഒട്ടകം കുടിക്കാറുണ്ടായിരുന്ന കിണറ്റിൽനിന്ന് അവരോട് കുടിക്കുവാനും കൽപിക്കുകയുണ്ടായി'' (ബുഖാരി).

(തുടരും)

''അബ്ദുല്ലാഹിബ്നു ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: 'ജനങ്ങൾ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കൂടെ ഥമൂദുകാരുടെ സ്ഥലമായ ഹിജ്റിൽ ഇറങ്ങി. അങ്ങനെ അതിലെ കിണറ്റിൽനിന്ന് അവർ വെള്ളം കുടിച്ചു. (അതിലെ) വെള്ളംകൊണ്ട് മാവ് കുഴക്കുകയും ചെയ്തു. അപ്പോൾ അവരോട് അല്ലാഹുവിന്റെ റസൂൽ(സ്വ) അവിടത്തെ കിണറ്റിലെ വെള്ളം ഒഴുക്കിക്കളയുവാനും (കുഴച്ച) മാവ് ഒട്ടകങ്ങളെ തീറ്റിക്കുവാനും കൽപിച്ചു. (അതുപോലെ) ഒട്ടകം കുടിക്കാറുണ്ടായിരുന്ന കിണറ്റിൽനിന്ന് അവരോട് കുടിക്കുവാനും കൽപിക്കുകയുണ്ടായി''

ലേഖനം



# നരച്ചമുടി കറുപ്പിക്കുന്നത് അനുവദനീയമോ?

ഡോ. ടി. കെ യൂസുഫ്

:9349798262

തലമുടി നരച്ച അധികമാളുകളും കൃത്രിമ ചായം ഉപയോഗിച്ച് കറുപ്പിച്ച് നര വെളിപ്പെടാതിരിക്കാൻ പരിശ്രമിക്കുന്ന ഒരു പ്രവണത ഇന്ന് വർധിച്ചുവരികയാണ്. പൊതുവെ വാർധക്യത്തിന്റെ മുന്നോടിയായി പ്രത്യക്ഷപ്പെടുന്ന നര മറ്റുള്ളവരിൽനിന്ന് മറച്ചുവയ്ക്കാൻ വെമ്പൽകൊള്ളുന്നവർ ഈ പൊള്ളയായ യൗവന പ്രകടനത്തിന്റെ മതവിധിയെപ്പറ്റിയോ ഈ ജാട വിലക്കിക്കൊണ്ടുള്ള പ്രവാചക വചനത്തിന്റെ ഗൗരവത്തെക്കുറിച്ചോ അധികം ആലോചിക്കാനിടയില്ല. മറ്റുള്ളവരുടെ മുമ്പിൽ ചെറുപ്പം ചമയാനാണല്ലോ നരബാധിച്ചവരല്ലാം മുടി ഡൈ ചെയ്യുന്നത്. എന്നാൽ മാലോകരുടെ മുന്നിൽ നിത്യയൗവനം കാത്തുസൂക്ഷിക്കാൻ പാടുപെടുന്നവർക്ക് പരലോകത്ത് ശാശ്വത സ്വർഗത്തിന്റെ പരിമളം പോലും വിലക്കപ്പെടുമെന്നാണ് പ്രവാചകൻ(സ്വ) താക്കീത് നൽകിയിട്ടുള്ളത്.

നബി(സ്വ) പറഞ്ഞു: ''അവസാന കാലത്ത് ഒരു വിഭാഗം ജനങ്ങൾ ഉണ്ടാകും. അവർ പ്രാവിന്റെ മേടപോലെ കറുപ്പ് കൊണ്ട് ചായമിടും. അവർ സ്വർഗത്തിന്റെ സുഗന്ധം ആസ്വദിക്കുകയില്ല'' (അബൂദാവൂദ്, നസാഇ, അഹ്മദ്).

സ്വർഗത്തിന്റെ സുഗന്ധം നൂറ് വർഷത്തെ വഴിദൂരം വരെ എത്തും എന്ന് ഹദീഥുകൾ വ്യക്തമാക്കിയ സ്ഥിതിക്ക് മുടി കറുപ്പിക്കുന്നവർ ഇക്കാര്യം ഗൗരവമായി കാണേണ്ടതാണ്. ജനങ്ങൾ നമ്മെക്കുറിച്ച് പ്രായം കൂടിയവരെന്നോ അല്ലെങ്കിൽ ജരാനരകൾ ബാധിച്ചരാണന്നോ വിചാരിച്ചതുകൊണ്ട് ആത്യന്തികമായി നമുക്ക് യാതൊന്നും നഷ്ടപ്പെടാനില്ല. എന്നാൽ ചെറുപ്പം വരുത്താൻവേണ്ടി സിന്തറ്റിക് വർണങ്ങൾ വാരിത്തേക്കുന്നവരെ അല്ലാഹു വെറുക്കുകയും അവർക്ക് സ്വർഗത്തിന്റെ സുഗന്ധം പോലും അപ്രാപ്യമായിത്തീരുകയും ചെയ്യും.

തലമുടി കറുപ്പിക്കുന്നവർക്ക് ഇഹലോകത്ത് ഈ കപടനാട്യം കൊണ്ട് അവർ വിചാരിക്കുന്നത് പോലുള്ള അംഗീകാരമൊന്നും ലഭിക്കുകയില്ല. കാരണം ബുദ്ധിയും വകതിരിവുമുള്ള ഏവർക്കും മനുഷ്യരുടെ തലമുടിയുടെ സ്വാഭാവിക നിറവും ഡൈ ചെയ്ത കറുപ്പും ഒറ്റനോട്ടത്തിൽ തന്നെ തിരിച്ചറിയാൻ കഴിയും. ദിനേന എത്ര പണിപ്പെട്ട് കറുപ്പിച്ചാലും മുടിയുടെയും താടിയുടെയും മുരട്ടിൽ അൽപം വെളുപ്പ് ദൃശ്യമാകുകയും ഡൈ ചെയ്തതാണെന്ന് ജനങ്ങൾ തിരിച്ചറിയുകയും ചെയ്യും. ഡൈ ചെയ്യാനുപയോഗിക്കുന്ന രാസവസ്തുക്കൾ അല്ലറ ചില്ലറ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

നരച്ചമുടി കറുപ്പിക്കുന്നത് വിലക്കിയ പ്രവാചകൻ(സ്വ) മറ്റെന്തെങ്കിലും വർണംകൊണ്ട് അതിന് നിറഭേദം വരുത്താൻ കൽപിച്ചിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: ''ജൂതരും ക്രിസ്ത്യാനികളും ചായം തേക്കാറില്ല. അതുകൊണ്ട് നിങ്ങൾ അവർക്ക് എതിരാകുക'' (ബുഖാരി, മുസ്‌ലിം).

ഭംഗി കൂട്ടുന്നത് മതത്തിനും ഭക്തിക്കും എതിരാകും എന്ന ധാരണയിൽ ജൂത-ക്രൈസ്തവ പുരോഹിതർ തലയും താടിയും

നരച്ചാൽ നിറം പിടിപ്പിക്കാറുണ്ടായിരുന്നില്ല. മുസ്‌ലിംകൾ ഈ ധാരണയോടെ അവരെ അനുകരിക്കുന്നത് നബി(സ്വ) വിലക്കുകയാണ് ചെയ്തത്. സ്വതന്ത്രവും സവിശേഷവുമായ ഒരു വ്യക്തിത്വം കാത്തുസൂക്ഷിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരായതുകൊണ്ടായിരിക്കാം നരക്ക് നിറഭേദം വരുത്താൻ നബി (സ്വ) കൽപിച്ചത്. കറുപ്പ് അല്ലാത്ത നിറംകൊണ്ട് നരക്ക് മാറ്റം വരുത്താൻ നബി (സ്വ) വേറെയും ധാരാളം വചനങ്ങളിലൂടെ കൽപിച്ചതായി കാണാനാവും.

മക്കാവിജയത്തിന്റെ ദിവസം അബൂ ഖുഹാഫയെ റസൂലിന്റെ അടുക്കൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ തല സുഗാമ പുഷ്പം പോലെ വെളുത്തിരുന്നു. അപ്പോൾ നബി(സ്വ) പറഞ്ഞു: ''നിങ്ങൾ അദ്ദേഹത്തെ അദ്ദേഹത്തിന്റെ ഏതെങ്കിലും ഭാര്യയുടെ അടുക്കലേക്ക് കൊണ്ടുപോകുക. വല്ലത്കൊണ്ടും അത്(നര) മാറ്റുകയും ചെയ്യുക. കറുപ്പ് നിങ്ങൾ ഒഴിവാക്കുകയും ചെയ്യുക'' (മുസ്‌ലിം).

പ്രവാചകന്റെ തലമുടി അധികമൊന്നും നരച്ചിരുന്നില്ല. എങ്കിലും അദ്ദേഹം മൈലാഞ്ചിപോലുള്ള വസ്തുക്കൾ തലയിൽ തേച്ചിരുന്നു. നബി(സ്വ) തന്റെ തലമുടിയിൽ ചായം തേച്ചിരുന്നുവോ എന്ന് അനസ് ബിൻ മാലികി(റ)നോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''നബി(സ്വ)ക്ക് അൽപമല്ലാതെ നര ബാധിച്ചിരുന്നില്ല. എന്നാൽ അബൂബക്‌റും(റ) ഉമറും(റ) മൈലാഞ്ചികൊണ്ടും 'കതം' എന്ന ചെടിയുടെ ഇല കൊണ്ടും നരമാറ്റിയിരുന്നു'' (ബുഖാരി).

മൈലാഞ്ചി കൊണ്ടും കതം ഇല കൊണ്ടും നിറം മാറ്റിയ തിരുനബി(സ്വ)യുടെ ഒരു കേശം അദ്ദേഹത്തിന്റെ പത്നി ഉമ്മുസലമ(റ)യുടെ അടുക്കൽ കണ്ടതായി ഉസ്മാൻ ബിൻ അബ്ദുല്ല പ്രസ്താവിക്കുന്നതായി ബുഖാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവാചകൻ(സ്വ) തന്റെ താടിക്ക് നിറംകൊടുത്തതായി പ്രസ്താവിക്കുന്ന വേറെയും ഹദീഥുകളുണ്ട്.

**തലമുടി കറുപ്പിക്കുന്നവർക്ക് ഇഹലോകത്ത് ഈ കപട നാട്യം കൊണ്ട് അവർ വിചാരിക്കുന്നത് പോലുള്ള അംഗീകാരമൊന്നും ലഭിക്കുകയില്ല. കാരണം ബുദ്ധിയും വകതിരിവുമുള്ള ഏവർക്കും മനുഷ്യരുടെ തലമുടിയുടെ സ്വാഭാവിക നിറവും ഡൈ ചെയ്ത കറുപ്പും ഒറ്റനോട്ടത്തിൽ തന്നെ തിരിച്ചറിയാൻ കഴിയും. ദിനേന എത്ര പണിപ്പെട്ട് കറുപ്പിച്ചാലും മുടിയുടെയും താടിയുടെയും മുരട്ടിൽ അൽപം വെളുപ്പ് ദൃശ്യമാകുകയും ഡൈ ചെയ്തതാണെന്ന് ജനങ്ങൾ തിരിച്ചറിയുകയും ചെയ്യും. ഡൈ ചെയ്യാനുപയോഗിക്കുന്ന രാസവസ്തുക്കൾ അല്ലറ ചില്ലറ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും.**

ഇബ്‌നു ഉമറി(റ)ൽനിന്ന് നിവേദനം: ''നബി(സ്വ) ഊറക്കിട്ട തുകൽ കൊണ്ടുള്ള ചെരിപ്പ് ധരിച്ചിരുന്നു. അതുപോലെ തന്റെ താടി വറസ് (സുഗന്ധമുള്ള ഒരു തരം ചെടി) കൊണ്ടും കുങ്കുമംകൊണ്ടും മഞ്ഞ വർണമാക്കുകയും ചെയ്തിരുന്നു. ഇബ്‌നു ഉമറും അപ്രകാരം ചെയ്തു'' (അബൂദാവൂദ്).

തലമുടിക്കും താടിക്കും നര ബാധിച്ചവർ കറുപ്പ് ഒഴിവാക്കി അതിന് നിറഭേദം വരുത്തുന്നതിനെ നബി(സ്വ) പ്രശംസിച്ചതായും കാണാം.

ഇബ്‌നു അബ്ബാസി(റ)ൽനിന്ന് നിവേദനം: ''ഒരിക്കൽ നബി(സ്വ)യുടെ അടുത്തുകൂടി മൈലാഞ്ചി കൊണ്ട് നിറം കൊടുത്ത ഒരാൾ നടന്നുപോയി. അപ്പോൾ നബി (സ്വ) പറഞ്ഞു: 'ഇത് എത്ര നല്ലത്!' പിന്നീട് മൈലാഞ്ചി കൊണ്ടും കതം ചെടിയുടെ ഇലകൊണ്ടും ചായം കൊടുത്ത മറ്റൊരാൾ നടന്നുപോയപ്പോൾ നബി(സ്വ) പറഞ്ഞു: 'ഇത് അതിനെക്കാൾ നല്ലത്.' പിന്നീട് മഞ്ഞവർണം കൊടുത്ത ഒരാളെ കണ്ടപ്പോൾ എല്ലാത്തിനെക്കാളും നല്ലത് ഇതെന്നും നബി (സ്വ) പറഞ്ഞു'' (അബൂദാവൂദ്).

ചുവപ്പും മഞ്ഞയുമായ നിറങ്ങൾകൊണ്ട് നബി(സ്വ) തലയിലെയും താടിയിലെയും നരമാറ്റിയിരുന്നതായി വേറെയും ഹദീഥുകൾ കാണാനാവും.

അബൂ റംദയിൽനിന്ന് നിവേദനം: ''നബി(സ്വ) മൈലാഞ്ചികൊണ്ടും കതം ചെടികൊണ്ടും നിറം കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ തലമുടി ചുമൽവരെ എത്തുകയും ചെയ്തിരുന്നു'' (അബൂദാവൂദ്).

നരച്ചമുടി കറുപ്പിക്കുന്നവന്റെ മുഖം അന്ത്യദിനത്തിൽ അല്ലാഹു കറുപ്പിക്കും എന്ന് പറയുന്ന ഒരു ഹദീഥ് ത്വബ്റാനി ഉദ്ധരിച്ചിട്ടുണ്ട്. അതുപോലെ അന്ത്യദിനത്തിൽ അവനിലേക്ക് അല്ലാഹു നോക്കുകയില്ല എന്ന് വ്യക്തമാക്കുന്ന ഹദീഥുകളുമുണ്ട്. പക്ഷേ, ഇവയുടെയെല്ലാം പരമ്പരയിൽ അൽപം ദുർബലതയുണ്ട്. എന്നാൽ നര കറുപ്പിക്കുന്നത് വിരോധിച്ചിട്ടുള്ള സ്വഹീഹായ ഹദീഥുകൾതന്നെ ധാരാളമുണ്ട്.

നരച്ച മുടി കറുപ്പിക്കുന്നത് മാത്രമല്ല അത് പറിച്ചുകളയുന്നതും നബി(സ്വ) വിരോധിച്ചിട്ടുണ്ട്. നബി (സ്വ) പറഞ്ഞു: ''നിങ്ങൾ നര പറിച്ചെടുക്കരുത്. അത് അന്ത്യദിനത്തിൽ മുസ്‌ലിമിന്റെ പ്രകാശമാണ്'' (നസാഈ).

നര ബാധിക്കുന്നത് പുണ്യം നേടുന്നതിനും പാപമോചനത്തിനും വഴിയൊരുക്കുമെന്നും മറ്റൊരു ഹദീഥിൽ വന്നിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: ''നര പറിച്ചെടുക്കരുത്. കാരണം അത് മുസ്‌ലി

മിന്റെ പ്രകാശമാണ്. ഇസ്‌ലാമിന് വേണ്ടി നരക്കുന്ന മുസ്‌ലിമിന് അതുമൂലം നന്മ എഴുതപ്പെടുകയും പദവി ഉയർത്തപ്പെടുകയും അതുമൂലം പാപം മായ്ച്ചുകളയപ്പെടുകയും ചെയ്യും'' (ഇബ്നുമാജ).

ജരാനരകളെപ്പോലെ മധ്യവയസ്കരെ അലട്ടുന്ന മറ്റൊരു പ്രശ്നം കഷണ്ടിയാണ്. കഷണ്ടി തലയിൽ മുടി നട്ടുവളർത്തുന്ന സാങ്കേതികവിദ്യ കണ്ടെത്തിയതോടുകൂടി അത്തരം കേന്ദ്രങ്ങൾ പലയിടത്തും കൂണുപോലെ മുളച്ചുപൊന്തുകയാണ്. അത്തരം കേന്ദ്രങ്ങളുടെ ഉപഭോക്താക്കളിൽ അധികവും ഗൾഫുകാരാണ്. മാനസിക പിരിമുറുക്കം, കാലാവസ്ഥ വ്യതിയാനം, പാരമ്പര്യം എന്നീ ഘടകങ്ങൾ ഒരുമിച്ചുകൂടുന്ന വ്യക്തികൾക്ക് അൽപം നേരത്തെ മുടി നരക്കുന്നത് പോലെ അധികം പ്രായമാകുന്നതിന് മുമ്പ് അവരുടെ മുടി കൊഴിഞ്ഞ് കഷണ്ടി പ്രത്യക്ഷപ്പെടുകയും ചെയ്യും. പ്രകൃതിയുടെ മതമായ ഇസ്‌ലാം ഈ കൃത്രിമ പ്രവൃത്തിയെയും വിലക്കുന്നുണ്ട്.

ജാഹിലിയ്യ കാലത്ത് സ്ത്രീകൾ അവരുടെ തലയിൽ കൃത്രിമമായ മുടി വച്ചുപിടിപിടിപ്പിച്ച് അലങ്കരിക്കാറുണ്ടായിരുന്നു. എന്നാൽ ഇത്തരം സ്ത്രീകൾക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകുമെന്ന് പ്രവാചകൻ(സ്വ) ഒട്ടനവധി ഹദീഥുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ഈ രൂപത്തിൽ തലമുടി വച്ചുപിടിപ്പിക്കാൻ അനുമതി ചോദിച്ചവരെ നബി(സ്വ) ശകാരിക്കുകയാണ് ചെയ്തിട്ടുള്ളത്.

അസ്മാഅ് ബിൻത് അബീബക്ർ(റ)ൽനിന്ന് നിവേദനം: ''ഒരു സ്ത്രീ നബി(സ്വ)യുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'ഞാൻ എന്റെ മകളെ വിവാഹം ചെയ്ത് കൊടുത്തു. അവൾക്ക് ഒരു വ്യാധി ബാധിക്കുകയും തന്മൂലം അവളുടെ തലമുടി പാടെ കൊഴിഞ്ഞു



**ജരാനരകളെപ്പോലെ മധ്യവയസ്കരെ അലട്ടുന്ന മറ്റൊരു പ്രശ്നം കഷണ്ടിയാണ്. കഷണ്ടി തലയിൽ മുടി നട്ടുവളർത്തുന്ന സാങ്കേതികവിദ്യ കണ്ടെത്തിയ തോടുകൂടി അത്തരം കേന്ദ്രങ്ങൾ പലയിടത്തും കൂണുപോലെ മുളച്ചുപൊന്തുകയാണ്. അത്തരം കേന്ദ്രങ്ങളുടെ ഉപഭോക്താക്കളിൽ അധികവും ഗൾഫുകാരാണ്. മാനസിക പിരിമുറുക്കം, കാലാവസ്ഥ വ്യതിയാനം, പാരമ്പര്യം എന്നീ ഘടകങ്ങൾ ഒരുമിച്ചുകൂടുന്ന വ്യക്തികൾക്ക് അൽപം നേരത്തെ മുടി നരക്കുന്നത് പോലെ അധികം പ്രായമാകുന്നതിന് മുമ്പ് അവരുടെ മുടി കൊഴിഞ്ഞ് കഷണ്ടി പ്രത്യക്ഷപ്പെടുകയും ചെയ്യും. പ്രകൃതിയുടെ മതമായ ഇസ്‌ലാം ഈ കൃത്രിമ പ്രവൃത്തിയെയും വിലക്കുന്നുണ്ട്.**

പോകുകയും ചെയ്തു. അവളുടെ ഭർത്താവ് അവളുടെ തലയിൽ കൃത്രിമ മുടി ചേർത്ത് പിടിപ്പിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ അവളുടെ തലയിൽ മുടി വച്ചുപിടിപ്പിക്കട്ടെ?' അപ്പോൾ നബി(സ്വ) മുടി വെക്കുന്നവളെയും വെക്കാൻ ആവശ്യപ്പെടുന്നവളെയും ശകാരിച്ചു'' (ബുഖാരി).

ശരീരത്തിൽ മെലനിന്റെ അഭാവം മൂലമാണ് തലമുടി നരച്ച് വെളുക്കുന്നത്. എന്തുകൊണ്ടാണ് മെലനിന് തിരോധാനം സംഭവിക്കുന്നത് എന്നതിന് ശാസ്ത്രത്തിന് വ്യക്തമായ മറുപടിയില്ല. വാർധക്യമോ പ്രായക്കൂടുതലോ മാത്രമല്ല നരക്ക് കാരണമായി ഭവിക്കുന്നത്. താരുണ്യത്തിൽതന്നെ തല നരക്കുന്നവർ ധാരാളമുണ്ട്.

ശിശുക്കൾപോലും നരക്കുന്ന ഭീകരമായ ഒരു ദിവസത്തെക്കുറിച്ച് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. അന്ത്യദിനത്തിന്റെ ഭീകരതകൾ വിവരിക്കുന്ന ചില അധ്യായങ്ങളാണ് നബി(സ്വ)യുടെ തലമുടി നരപ്പിച്ചത് എന്ന് ഹദീഥുകളിലുണ്ട്. അറുപത്തിമൂന്ന് വയസ്സ് വരെ ജീവിച്ച പ്രവാചകന്റെ തലമുടി അധികമൊന്നും നരച്ചിരുന്നില്ല. എന്നാൽ അതേപ്രായത്തിൽ വഫാത്തായ അബൂബക്ർ (റ), ഉമർ(റ) എന്നിവരുടെ തലമുടിയും താടിയും അതിനെക്കാൾ കൂടുതൽ നരച്ചിരുന്നു.

കവിത

സുലൈമാൻ പെരുമുക്ക്

# ചോരക്കളം



സ്വൈരമായി
സ്വപ്നംകണ്ട്
ഉറങ്ങാനാവാത്ത
ജനതയുടെ ശാപമാണ്
ചോരക്കളം!

വെറുപ്പ്
വെച്ചുവിളമ്പി
ചോരക്കളമൊരുക്കുന്നവർ
ആരായാലും
അവർ ഭീകരരാണ്.

അവർ
മതത്തിന്റെ
കുപ്പായമിട്ടാലും
രാഷ്ട്രീയത്തിന്റെ
കുപ്പായമിട്ടാലും
രണ്ടും ചേർത്തുതുന്നിയ
കുപ്പായമിട്ടാലും
ഭീകരർ തന്നെയാണ്.

ജനം
ഉച്ചത്തിലിത്
പ്രഖ്യാപിക്കുവാൻ
ആർജവം കാണിച്ചാൽ
നാളെ ഇവിടെ പരക്കുന്നത്
പൂക്കളങ്ങളായിരിക്കും.
ആ പൂക്കളത്തിലെ
പൂക്കളെല്ലാം
ഒരുപോലെ ചിരിതൂകി
സൗരഭ്യം പരത്തും!



# ആ ഒരു തുണ്ട് തുണി

നമ്മൾ കാണുന്ന
ആ പെൺകൊടികൾ
കഴുത്തിലിട്ടു നടക്കുന്ന
ആ ഒരുതുണ്ട് തുണി
ഈ പെൺകൊടികൾ
തലയിലിട്ടു നടന്നാൽ
തകരുന്നതാണത്രെ
ഭരണഘടനയെക്കുറിച്ചറിയാത്ത,
കലഹപ്രിയരായ
നല്ലനാട്യങ്ങളുടെ
മതേതരത്വവും
ജനാധിപത്യവും
മാനവികതയും...!

To The Right Goal...
Through The Right Path...

# PROFESSIONAL STUDENTS GLOBAL CONFERENCE

WISDOM

26th

# PROFCON

WISDOM students

2022 MARCH
11 | 12 | 13

PERUMPILAVU
THRISSUR

8156 812 292
www.profcon.in

CV Complex, PV Sami Road, Kozhikode
wisdomstudents wisdomglobaltv

For Registration
Scan here

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 MARCH 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-





GreenHome RESIDENTIAL CAMPUS FOR BOYS

RESIDENTIAL CAMPUS FOR BOYS

# GREEN HOME

REGISTRATION OPEN
FOR GRADE 5-8

## SPECIALTIES

- Affiliated to CBSE Board of Education, New Delhi
- Curriculum enriched with Islamic History, Ethics and Morals
- Holistic Education through Experiential Learning
- Memorization of a prescribed portion of the Holy Qur'an with Thajweed rules
- Communicative English and Communicative Arabic
- Seasoned & Experienced Faculty

**CONTACT : +91 9605 146 000**

greenvalleycampus

Visit Us www.greenvalleycampus.com

Affiliated to CBSE : 930857, Green Valley Campus, Nellikkapramba, Mukkam, Kozhikode Dt, Pin: 673602